വേദപ്രചാര

മദ്ധ്യസ്ഥൻ



പുസ്തകം 6] 1934 ഏപ്രിൽ. [വില 10.

Licence No. 183.

വിഷയനിരണിക.

1. രണ്ടായിരം വർഷങ്ങൾക്കുമുൻപുണ്ടായ ഒരു സംഭാഷണം.
2. ക്രിസ്തീയശവസംസ്കാരം.
3. അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്ത.
4. മാപ്പിളപ്പായുടെ പ്രസംഗം.
5. സ്കൗട്ടുപ്രസ്ഥാനം (തുടർച്ച)
6. മുതിരപ്പാമ്പിലെ അതിരുവഴക്ക്. (കഥ)
7. ജപമാലസ്തോത്രഗീതം.
8. കത്തോലിക്കാരൂം.
9. ഉപകാരസ്മരണകർമ്മം.
10. മരണവാർത്തകൾ.
11. പരസ്യങ്ങൾ.
12. പഞ്ചാംഗം.

മരണവാർത്തകൾ.

തുരുത്തിപ്പള്ളിയിടവക ആലഞ്ചേരിൽ ബ. ഈപ്പച്ചന്റെ മൂത്ത സഹോദരൻ പീലിപ്പോസ് ആഗസ്തി 43-ാമത്തെ വയസ്സിൽ മാർച്ച് 6-ാം തീയതിയിലും, കടപ്പൂമറ്റംപള്ളിയിടവക നെടുംതൊട്ടിയിൽ മറിയം തന്റെ 26-ാമത്തെവയസ്സിലും, എളങ്ങോയിപള്ളിയിടവക ചാമനാലിൽ മാണി തന്റെ 30-ാമത്തെ വയസ്സിൽ കഴിഞ്ഞ ഡിസംബർ 17-ാം തീയതിയിലും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചിരിക്കുന്നു. വിശ്വാസികൾ ഇവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിപ്പാറാകണം. R. I. P.

വിദ്യാഭ്യാസ വകുപ്പ്.

The usual retreat, held during the Holy week at Changanacherry for the benefit of the English knowing gentlemen, is postponed to the last week of April 34. It is also proposed to have a series of lectures along with the same on Questions of Doctrine and Morals. Details of the arrangements may be notified later.

Diocesan Director of Schools
Changanacherry.

മദ്ധ്യസ്ഥൻ.

പുസ്തകം 6 | 1934 ഏപ്രിൽ. | ലക്കം 10

രണ്ടായിരം വർഷങ്ങൾക്കു മുമ്പിൽ ഉണ്ടായ ഒരു സംഭാഷണം.

പയ്യനാട്ട് പെ. ബ. യൗസേപ്പു ക.

യൂദയാദേശത്തിൽ ജ്ഞാനസമ്പന്നനും വൃദ്ധനുമായ ഒരാൾ ഉണ്ടായിരുന്നു. അയാളുടെ നാമം യഹൂദാ എന്നായിരുന്നു. യൂദന്മാരുടെയിടയിൽ അദ്ധ്യസ്ഥവിദ്യരും ശാസ്ത്രവിദഗ്ദ്ധരുമായവരെ, റാബി, എന്നു വിളിക്കുക പതിവായിരുന്നു. അതിനാൽ ഇയാൾ റാബി യഹൂദാ എന്നു വിളിക്കപ്പെട്ടിരുന്നു. ഇയാൾ ശാസ്ത്രജ്ഞനും പണ്ഡിതനുമായിരുന്നതിനാൽ, സംസാരിച്ചിരുന്നപ്പോഴൊക്കെയും ജനങ്ങൾ സാമോദം ഇയാളുടെ സംഭാഷണം ശ്രദ്ധിച്ചുകേൾക്കുക പതിവായിരുന്നു. ഇയാൾ പലപ്പോഴും ഉപമകളായി സംഭാഷണം ചെയ്തിരുന്നു. ഒരിക്കൽ യാത്രാക്ലേശം തീർക്കുന്നതിനായി ഒരു അത്തിവൃക്ഷച്ചുവടായിൽ ഇരിക്കുകയായിരുന്നു. ആവഴി വന്നിരുന്ന പാന്ഥന്മാരിൽ ചിലർ ഇയാൾക്കു ആചാരം ചെയ്തശേഷം യാത്ര തുടർന്നിരുന്നു. ചിലർ സമീപത്തിൽ ഇരുന്നു് ഇയാളോടു സംസാരിച്ചിരുന്നു. ആ കൂട്ടത്തിൽ ഒരുസദ്ദുക്കായൻഉണ്ടായിരുന്നു. അന്ധവിശ്വാസത്തിലും ഉത്ഥാനത്തിലും അവിശ്വസിച്ചിരുന്നവരെ സദ്ദുക്കായർ എന്നാണു് നാമകരണം ചെയ്യപ്പെട്ടിരുന്നതു്. ആ സദ്ദുക്കായൻ റാബിയോടു സംസാരിച്ചുതുടങ്ങി. അല്ലയൊ, റാബി, മനുഷ്യശരീരം നശിച്ചു് മണ്ണോടുചേരുന്നു. അതിനു പിന്നീടു് എങ്ങനെ ഉത്ഥാനം ചെയ്‌വാൻ സാധിക്കും? അപ്പോൾ, റാബി. കൊള്ളാം. മനുഷ്യൻ എങ്ങനെയാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു് എന്നു ചോദിച്ചു. യഹോവായുടെ ശക്തിയാൽതന്നെ, എന്നു് അവർ ഉത്തരം പറഞ്ഞു. എന്നാൽ എന്തു സാധനം കൊണ്ടാണു മനുഷ്യനെ നിർമ്മിച്ചതെന്നു് റാബി വീണ്ടും ചോദിച്ചു. ഭൂ

മിയിലെ മണ്ണിൽ നിന്നാണെന്നു് വേഭാഗമം പറയുന്നതെന്നു അവൻ പറഞ്ഞു. ഭൂമി അതിന്റെ മണ്ണോടുകൂടെ എവിടെ നിന്നുണ്ടായിയെന്നു് റാബി വീണ്ടും ചോദിച്ചു. പരിശുദ്ധൻ സംസാരിച്ചു എല്ലാം ഭവിച്ചു എന്നവൻ ഉത്തരിച്ചു. അപ്പോൾ, റാബി; ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേട്ടാലും എന്നു പറഞ്ഞുകൊണ്ടിപ്രകാരംപറഞ്ഞു.

ഒരു രാജാവു വെള്ളവും മണ്ണും ഇല്ലാത്ത സ്ഥലത്തു ഒരു മാളിക നിർമ്മിക്കണമെന്നു് തന്റെ ഭൃത്യന്മാരോടു് ആജ്ഞാപിച്ചു. അവർ അപ്രകാരം ഉണ്ടാക്കുകയും ചെയ്തു. കാലാന്തരത്തിൽ ആ കെട്ടിടം നിലംപതിച്ചു. അപ്പോൾ രാജാവു, വെള്ളവും മണ്ണും സുലഭമായ സ്ഥലത്തു ഒരു മാളിക പണിയണമെന്നു് തന്റെ ഭൃത്യന്മാരോടു വീണ്ടും കല്പിച്ചു. അതു സാദ്ധ്യമല്ലെന്നു് ഭൃത്യന്മാർ പറഞ്ഞു. അവർ പറഞ്ഞതു ശരിയാണോ? അതു നീതികരിക്കത്തക്കതാണോ? നിന്റെ അഭിപ്രായമെന്താണെന്നു എന്നു സൂചിപ്പിയനോടു റാബി ചോദിച്ചു. ഒരുനാളും ശരിയല്ല നീതീകരിക്കത്തക്കതുമല്ലെന്നവൻ ഉത്തരിച്ചു.

സ്വഭൃത്യന്മാരോടു കോപിഷ്ഠനായ രാജാവു അപ്രകാരം തന്നോടു വിചാരിച്ചിരിക്കണമെന്നു് റാബി പറഞ്ഞു. സാധനങ്ങളും ഒന്നുംകൂടാതെ പണിയുവാൻ കഴിയുന്നവനു അവകൊണ്ടു നിശ്ചയമായും കഴിയും. റാബി വിജ്ഞാനത്തോടും ന്യായത്തോടും കൂടെയാണു് സംസാരിക്കുന്നതെന്നു് കേൾവിക്കാരെല്ലാവരും സംവദിച്ചു.

സൂചിപ്പിയനോ, എന്നാൽ, സത്യം തങ്ങളിൽ ലേശംപോലുമില്ലാത്തവർ ചെയ്യാവുള്ളതുപോലെ വിഷയം മാറ്റി. വേറൊരു ചോദ്യവുമായി പുറപ്പെട്ടു. ആത്മാവും ശരീരവും ശിക്ഷയ്ക്കു് വിധിക്കപ്പെടുമോ? എന്നവൻ റാബിയോടു ചോദിച്ചു. എന്താണു സംശയം? രണ്ടും വിധിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും, എന്നു റാബി പറഞ്ഞു. അങ്ങനെയാണെങ്കിൽ ആത്മാവിനും ശരീരത്തിനും വാദപ്രതിവാദത്തിനു കാരണമുണ്ടെന്നാണെനിക്കു തോന്നുന്നതെന്നവൻ പറഞ്ഞു. അതു വിവരിച്ചു പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു റാബി പറഞ്ഞു. ആത്മാവു, ത

ന്നെ, വിട്ടു പിരിഞ്ഞപ്പോൾ, താൻ ഒരു കല്ലുപോലെ കഴിമാടത്തിൽ നിശ്ചലനായി, യാതൊരു നിശ്ചയവുമില്ലാതെ ദോഷരഹിതനായി സ്ഥിതി ചെയ്തിരുന്നു. ആത്മാവിനെ ക്രൂരാതെ താൻ ഒരു ദോഷവും ചിന്തിക്കുകയൊ പറകയൊ പ്രവർത്തിക്കയൊ ചെയ്തിട്ടില്ല. ആത്മാവാണു് തിന്മ പ്രവർത്തിച്ചതു്. താനല്ല, എന്നു് ശരീരം വാദം പുറപ്പെടുത്തും.

ആത്മാവായെന്നാൽ താൻ സ്വതന്ത്രനായിരുന്നതിനാൽ താൻ പാപം ക്രൂരാത്തവനായിരുന്നു. ശരീരമാകുന്ന തന്റെ കാരാഗൃഹത്തിന്റെ ദുഷ്ടതയാണു് തന്നെ കളങ്കമുള്ളവനാക്കിതീർത്തതു്. മാംസമോഹങ്ങളുടെ ഭാരമാണു് തന്നെ പാപത്തിലേക്കാകർഷിച്ചതു. ശരീരമാണു പാപം പ്രവർത്തിച്ചതു്. താനല്ല. എന്നു ആത്മാവും വാദിക്കും. ഇതിനുത്തരമായിട്ടു് റാബി സപ്തനേരം ആലോചിച്ചശേഷം ഇപ്രകാരം പറഞ്ഞു.

ഒരു രാജകുമാരനു രമ്യമായ ഒരുദ്യാനമുണ്ടായിരുന്നു. അവിടെ കാഴ്ചയ്ക്കു ഭംഗിയുള്ളവയും വളരെ രുചികരമായ പകപഫലങ്ങളുള്ളവയുമായ ഫലവൃക്ഷങ്ങളും ധാരാളമുണ്ടായിരുന്നു. മോഷ്ടാക്കളെ ഭയന്നു് അയാൾ അവിടെ രണ്ടു കാവൽക്കാരെ നിയോഗിച്ചിരുന്നു. ഒരുവൻ കുരുടനും മറവൻ തീരെ നടക്കാൻ പാടില്ലാത്തവണ്ണം അത്രയ്ക്കു മുടന്തനും ആയിരുന്നു.

മുടന്തൻ പഴങ്ങൾ പറിച്ചു് ഭുജിച്ചാൽ കൊള്ളാമെന്നാഗ്രഹിച്ചിരുന്നു. അവൻ നടക്കാൻ അശക്തനായതുകൊണ്ടു് വൃക്ഷപ ശ്വത്തിലെത്താൻ അവനു അശേഷം നിവൃത്തിയില്ലായിരുന്നു. അതിനാലവൻ കുരുടനോടു് പഴങ്ങളുടെ മാഹാത്മ്യത്തെപ്പറ്റി പറഞ്ഞുമനസ്സിലാക്കിയശേഷം അവ പറിച്ചുതിന്നുന്നതിനായിട്ടു കുരുടൻ അവനെ തന്റെ തോളിന്മേൽ വഹിച്ചാൽ മാത്രം മതിയാകുമെന്നു പറഞ്ഞുധരിപ്പിച്ചു. കുരുടൻ അപ്രകാരം ചെയ്തു. ഇരുവരും പഴം തിന്നു് ഉദരപൂരണം വരുത്തുകയും ചെയ്തു. എങ്ങനെയോ രാജകുമാരൻ സംഗതി ഗ്രഹിച്ചു് ഇരുവരോടും ചോദ്യം ചെയ്തു. തനിക്കു കാണ്മാൻ കഴികയില്ലെന്നു കുരുടനും തനിക്കു നടക്കാൻപാടില്ലെന്നുമുടന്തനും ഒഴിവുകഴിവുകൾ പറഞ്ഞു. അതിനാൽ ആ സംഗതിയിൽ രാജകുമാരൻ എങ്ങനെ വിധിക്കു

കൃസ്തീയ ശവസംസ്ക്കാരം.

(ഫാദർ മാത്യു പുതിയിടം.)

ഒരുവൻ മരിക്കുമ്പോഴും അവന്റെ ശരീരം പ്രകൃതിനിയമമനുസരിച്ചുതന്നെ അഴിയാൻ ഭാവിക്കുന്നു. അതുകയാൽ ജീവിച്ചിരിക്കുന്നവരുടെ അതിരോ ദൂരക്ഷയെ മുൻനിറുത്തി മൃതർ കഴിഞ്ഞതും വേഗം സംസ്കരിക്കപ്പെടുന്നു. ഭൂമിയിൽ ശവം കുഴിച്ചിടുന്നതിന്റെ പ്രഥമ ദൃഷ്ടാന്തം 'ഉൽപത്തിയുടെ പുസ്തകം' (Genesis) ഇരുപത്തിമൂന്നാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. അബ്രഹാം തന്റെ ഭാര്യയായ സാറായെ അടക്കുന്നതിനു ഹേത്തിന്റെ മക്കളിൽ നിന്നു (Children of Heth) സ്ഥലം വാങ്ങുകയും അവളെ 'ഇരട്ടിഗുഹയിൽ' അടക്കുകയുംചെയ്തു. ഹേത്തിന്റെ മക്കൾക്കു പ്രേതം ഭൂമിയിൽ മറവുചെയ്യുന്ന പതിവുണ്ടായിരുന്നെന്നു ഇതിൽ നിന്നുഗ്രഹിയ്ക്കാൻ പാടുണ്ട്.

ശവസംസ്ക്കാരത്തിനാണു ശവദാഹത്തെക്കാൾ (Cremation) മനുഷ്യജാതിയുടെ ഇടയിൽ കൂടുതൽ പ്രചാരമുള്ളതെന്നതിനു സംശയമില്ല. പൂർവ്വക്രിസ്ത്യാനികൾ അവരുടെ മൃതരെ ഭൂമിദാനം ചെയ്തിരുന്നു. സഭ ശവദാഹത്തെ മുടക്കുന്നു. 'മരിച്ചുവിശ്വാസികളുടെ ശരീരം അഗ്നിയിൽ ദഹിപ്പിക്കാതെ ഭൂമിയിൽ സംസ്കരിക്കേണ്ടതാകുന്നു. (Cn 1203)

ആത്മാവു ശരീരത്തെ വിട്ടുപിരിയുന്നതോടെ ഒരു വിശ്വാ

മെന്നു നിനക്കു തോന്നുന്നുവെന്നു" റാബി സദ്ദൂക്യനോടു ചോദിച്ചു. അവൻ മൌനം അവലംബിച്ചു. അപ്പോൾ കേട്ടു നിന്നവർ, ഇരുവരും അവരുടെ പ്രവൃത്തിയിൽ ഒരുവനെപ്പോലെയായിരുന്നുവെന്നു പറഞ്ഞു. നിങ്ങളും ശരിയായി ഉത്തരം പറഞ്ഞുവെന്നു റാബി പറഞ്ഞു. ദൈവം ആത്മശരീരങ്ങളെ ഒരാളിനെപ്പോലെ വിധിച്ചു ശിക്ഷിക്കുന്നതുപോലെ, രാജകുമാരനും വിധിച്ചു ശിക്ഷിക്കുന്നതായിരിക്കും. സദ്ദൂക്യൻ ചോദ്യങ്ങൾ അവസാനിപ്പിച്ചു അവിടെനിന്നുപോയി.....

സിയുടെ നേക്കുള്ള നമ്മുടെ കടമ അവസാനിക്കുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ മൃതശരീരം പരിശുദ്ധമായ സാധനമാകുന്നു. അതുകയാൽ സഭ മരിച്ചവരെ ബഹുമാനിപ്പാൻ നമ്മോടാജ്ഞാപിക്കുന്നു. അതിന്റെ സംസ്കാരകർമ്മങ്ങളും പ്രാർത്ഥനകളും വ്യവസ്ഥയാവർജ്ജകങ്ങളും അർത്ഥഗർഭിതങ്ങളുമാണു്. മരണംമുതൽ സംസ്കാരം വരേയുള്ള സമയം പ്രാർത്ഥനയിലും ജ്ഞാനവായനയിലും ചെലവിടേണ്ടതാകുന്നു.

തദനന്തരം മൃതശരീരം ദേവാലയത്തിലേയ്ക്കു് ആനയിക്കപ്പെടുന്നു. മരിച്ചവിശ്വാസി, താൻ മാമ്മോദീസാ സ്വീകരിച്ചു് ദൈവപുത്രസ്ഥാനത്തിനു് ആരോഹിയ്ക്കപ്പെട്ടതും, പാപമാലിന്യത്തിൽ നിന്നു പലേ പ്രാവശ്യം വെടിപ്പാക്കപ്പെട്ടതും എവിടെവച്ചോ, ആ ദേവാലയത്തെ കടശിയായി സന്ദർശിക്കുന്നു. അവനോടു സമാധാനത്തിൽ സഭ യാത്രപറഞ്ഞു പിരിയുന്നു. 'കർത്താവേ! നിത്യാശ്വാസം അവനു നൽകേണമേ, നിത്യവെട്ടം അവനു പ്രകാശിക്കട്ടെ!

പള്ളിയിൽ നിന്നു മൃതശരീരം സിമിത്തേരി അഥവാ ശവക്കോട്ടയിലേക്കു് ആനയിക്കപ്പെടുന്നു. ഇവിടെയാണല്ലൊ കടശിദിവസംവരെ മരിച്ച ക്രിസ്ത്യാനിയുടെ പാവനമായ അവശിഷ്ടങ്ങൾ ഭദ്രമായി സൂക്ഷിക്കപ്പെടുന്നതു.

പാരിന്നന്തമണഞ്ഞിടുന്നസമയം
മാലാഖമുഖ്യന്റെയാ
ഹ്ലേചഞ്ചുംകുഴൽനാദമീധരണിയിൽ
പാരംപരന്നീടവെ
വീണ്ടുംനമ്മളയയ്ക്കുമെന്നശരണം
ദൈവത്തിലുറ്റിച്ചുകൊ
ണ്ടാത്മാവങ്ങുപിരിഞ്ഞിടുന്നു, ജഡമീ
മണ്ണോടുചേരുന്നതേ. (Long fellow)

'കർത്താവിക്കായ സഭ മൃതശരീരങ്ങളെ യഥാർഥമായ ബഹുമാനത്തോടുകൂടി സംസ്കരിക്കുന്നതിനു ശ്മശാനസ്ഥലം തയ്യാറാക്കി എടുക്കുകയും തിരുക്കർമ്മങ്ങളും പ്രാർത്ഥനകളും വഴിയായി അ

തിനെ വാഴ്ത്തുകയും, ഇങ്ങനെ ലൌകികമായ ഉപയോഗത്തിൽ നിന്നു അതിനെ വേർതിരിയ്ക്കുയും ചെയ്യുന്നു.'

(Conc. Balt. 11-388)

ഈ ശ്മശാനസ്ഥലം അഥവാ സിമിത്തേരിയെപ്പറ്റി പല തും അവശ്യവിജ്ഞേയമായുണ്ട്. അലക്സാൻഡർ സാൻഫോർഡ് (Alexander Sanford) എന്നദ്ധ്യഷഗവർണർ രചിച്ചിട്ടുള്ള Pastoral medicine എന്ന ഗ്രന്ഥത്തിൽ ശ്മശാനസ്ഥലത്തെപ്പറ്റി ശാസ്ത്രീയമായ ഒരു പ്രസ്താവം കാണുന്നുണ്ട്. അതിൽ നിന്നു ഏതാനും ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. 'ആരോഗ്യത്തിനു ഹാനി തട്ടാതിരിക്കുന്നതിനും സമീപസ്ഥർക്കു വൈഷമ്യം നേരിടാതിരിക്കുന്നതിനുമായി ശവക്കോട്ടയുടെ സ്ഥാപനത്തിലും സംരക്ഷണത്തിലും ചിലതെല്ലാം സൂക്ഷിക്കേണ്ടതായുണ്ട്. ഇതിനായി തിരഞ്ഞെടുക്കുന്ന സ്ഥലം ദൃസ്സായതും അല്പം ഉയർന്നതുമായിരിക്കണം. പള്ളിയുടെ പരിസരപ്രദേശത്തെ ശ്മശാനസ്ഥലമാക്കുന്ന നമ്മുടെ പൂർവികന്മാരുടെ ആ പതിവിൽ കേതിപരമായി പലതുമുണ്ടെങ്കിലും ആരോഗ്യരക്ഷാനിയമങ്ങളെപ്രതി അതു പരിഹർജ്ജിക്കേണ്ടതാകുന്നു. മണലുംമണ്ണും കലർന്ന ഭൂമിയാണു ഇതിനു പറ്റിയതു. ആൾപാർപ്പുള്ള ഭവനങ്ങളും പത്തുവാരയും കിണറുകളും അമ്പതുവാരയും ശവക്കോട്ടയിൽ നിന്നു അകന്നിരിക്കണം. പ്രായം ചെന്നവരുടെ ശവക്കുഴി വീണ്ടും മാന്തുന്നതിനു ഇരുപത്തി അഞ്ചും കൂട്ടികളുടേതിനു ഇരുപതും വത്സരങ്ങൾ കഴിയേണ്ടിയിരിക്കുന്നു. മണ്ണിന്റെ പ്രകൃതി, ചീച്ചിലിന്റെ സ്ഥിതി, മുതലായവ ഈ സാധാരണ നിയമത്തിൽ നിന്നു വ്യതിചലിക്കുന്നതിനു കാരണമായേക്കാവുന്നതാണു. സ്ഥലദൌർല്ലഭ്യം നിമിത്തം ശവക്കുഴിയുടെ മീതെ വേറൊരു കുഴികൂടി നിർമ്മിക്കുന്നതിൽ പ്രത്യേകം ചിലനിഷ്കർഷ അനുഷ്ഠിക്കേണ്ടതായുണ്ട്. രണ്ടാമത്തെ കുഴി ആദ്യത്തെ ശവപ്പെട്ടിവരെ മാത്രമേ എത്താവൂ. മാത്രമല്ല, പാടുള്ളിടത്തോളം, മീതെ തുമ്പുകൂട്ടുകയും വേണം. ഇതൊരു താല്കാലിക ഏർപ്പാടെ ആകുന്നൊള്ളു. ഒരു പുതിയ ശവക്കോട്ട ഉടനെ ശരിപ്പെടുത്തേണ്ടതാകുന്നു.

ശവക്കോട്ടയിൽ ചില പ്രത്യേക വൃക്ഷങ്ങളും ചെടികളും നട്ടുന്നതു നന്നാകുന്നു. എന്നാൽ സൂര്യപ്രകാശം തടയാൻ തക്കവണ്ണം അവ അത്രയ്ക്കു സാന്ദ്രമാകാതിരിക്കാൻ സൂക്ഷിക്കണം. ശവക്കോട്ടയ്ക്കു ചുറ്റും ഉറപ്പുള്ള മതിൽ കെട്ടുകയോ, മുള്ളുവേലി ഇടുകയോ, മുൾച്ചെടികൾ ഇടതൂർന്നു നട്ടുപിടിപ്പിക്കയോ ചെയ്യേണ്ടതാകുന്നു.

ഒരു കുഴി കുഴിക്കുമ്പോൾ മൃതശരീരത്തിന്റെ ദ്രവിക്കാത്തവല്ല അസ്ഥിക്ഷണങ്ങളും, ശവപ്പെട്ടിയുടെ ഭാഗങ്ങൾ കണ്ടുമുട്ടുന്നതായാൽ അവ പുതിയ കുഴിയുടെ അടിയിൽ ഒളിക്കേണ്ടതാണു്. എന്നാൽ ശരീരം മുഴുവനും തന്നെ അഴുകാതിരിക്കയാണെങ്കിൽ കുഴിയുടനെ മൂടുകയാണു വേണ്ടതു്",

(Pastoral medicne. p. 82-84)

ഈ പ്രസ്താവനകളും ഓർമ്മിച്ചുകൊണ്ടു നമ്മുടെ രാജ്യത്തെ ശവസംസ്ക്കാരസമ്പ്രദായം പരിശോധിക്കുന്നേ ഒരുവനിൽ എന്തെല്ലാം ചോദ്യവികാരങ്ങളാണുണ്ടാവുക! പള്ളിയുടെ പരിസരപ്രദേശത്തു ശവമടക്കുന്ന പൂർവ്വികപതിവു് വർജ്ജനീയമാണെന്നു 'സാൻഫോർഡു' പറയുന്നു. വാസ്തവത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ ഈ പതിവു് ഇക്കാലത്തില്ലെന്നതന്നെ പറയാം. നമ്മുടെ നാട്ടിൽ ഇപ്പോഴും പള്ളിക്കകത്തു് അടക്കുന്ന പതിവു് കുറഞ്ഞിട്ടുണ്ടെങ്കിലും ശവക്കോട്ട പള്ളിക്കടുത്തുതന്നെ സ്ഥിതിചെയ്യുന്നു. തടിച്ച കുഴിക്കാണത്തെ ഓർത്തായിരിക്കാം, ചിലസ്ഥലങ്ങളിൽ പള്ളിക്കകത്തു ശവസംസ്ക്കാരം ഇന്നും നടക്കുന്നുണ്ടു്. അതുകൊണ്ടാണു "കുറഞ്ഞിട്ടുണ്ടു" എന്നഞാൻ മേൽ പ്രസ്താവിച്ചതു്. ഇവിടെയുള്ള മിക്കപഴയ പള്ളികൾക്കും ശവമടക്കുന്നതിനായി പ്രത്യേകം പണംതിട്ടുള്ള സിമിത്തേരിപള്ളികളുണ്ടു്. ഇവിടെ അടക്കുന്നതു് അത്ര കേമം വലിയ ബഹുമതിയായി എണ്ണുന്നു. (മഴയുംവെയിലും ഏൽക്കുന്നിടത്തു ശവമടക്കുക അപമാനകരമാണു പോൾ.) ഈ സിമിത്തേരിയുടെ വലിയ വിസ്താരം കാണുകയില്ല. അതിനാൽ ശവക്കല്ലറകൾ മാന്തി അസ്ഥിമുതലായവ എടുത്തു 'അസ്ഥിക്കുഴി' എന്ന ഗർത്തത്തിൽ ഇടേണ്ടതായാവശ്യം നേരിടുന്നു. ഇങ്ങനെ ശവക്കല്ലറകൾ വീണ്ടും കിളച്ചുതാഴ്ത്തൽ അസ്ഥികൾ

കോരിഎടുത്തുശേഷമാണു് ശവസംസ്ക്കാരം മിക്കപള്ളികളിലും നടക്കുന്നതു്. ഇപ്രകാരം മരിച്ചസഹോദരങ്ങളുടെ തലഓട്ടുതുടങ്ങിയ അവശിഷ്ടങ്ങളും അസ്ഥിക്കഴിയിൽ നിക്ഷേപിച്ചപ്രേക്ഷകന്മാരെ ഭയപ്പെടുത്തുന്ന മർമ്മഭേദകമായ ആപത്തിവിനെപ്പറ്റി എന്താണു പറയേണ്ടതു? ശവക്കോട്ടയിൽ അടക്ക

(ശേഷം 318–ാം പേജിൽ)

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ

വിശുദ്ധ റീത്ത.

അതീതകാലങ്ങളിൽ അസംഖ്യം അത്ഭുതങ്ങൾ സംഭവിക്കുകയും ധാരാളമായിട്ടല്ലെങ്കിലും ആധുനികകാലത്തും അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുകയുംചെയ്യുമ്പോൾ പ്രകൃത്യതീതമായുള്ള സക്ഷവും തദ്വാരാ അത്ഭുതങ്ങളുടെ ആസ്തികൃവും അവഗണിക്കുന്ന തത്വവാദികളുടെസ്ഥിതി വാസ്തവത്തിൽ പരിതാപകരംതന്നെ. എന്നാൽ മതതിണ്ണതയിൽ പ്രമുഖരെന്നു് പ്രഘോഷിതാമഹന്മാർതൊട്ടതന്നെ പ്രഖ്യാതരായ കേരളീയരുടെ ഇടയിൽപോലും ഇക്കൂട്ടർ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നുവെന്നുള്ളതത്രെ അതിലും ശോചനീയം. ഇവരുടെ ജല്പനങ്ങൾക്കു വിശുദ്ധമായി ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളിലും അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളവസ്തുത മറക്കാവുന്നതോ മറയ്ക്കാവുന്നതോ അല്ല. വി. റീത്തായുടെ ജീവചരിത്രവും അനന്തരം പുണ്യവതിയുടെ മദ്ധ്യസ്ഥഫലമായി നടന്നിട്ടുള്ള സംഖ്യാതീതങ്ങളായ അത്ഭുതങ്ങളും പ്രസ്താവിതവാസ്തവത്തിനു് മകുടോദാഹരണങ്ങളത്രെ.

വി. റീത്ത സ്പൊളേറേറാ എന്നമിസ്സത്തിൽ റോക്കാപെറേന എന്ന സ്ഥലത്തു വയോവൃദ്ധരും ധർമ്മപ്രവൃത്തികളാൽ 'ഏതുനാഥന്റെ സമാധാനപരിപാലകർ' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നവരുമായ മാതാപിതാക്കളിൽനിന്നും ക്രിസ്താബ്ദം ഫനവുന്നു–ൽ ഭൂജാതയായി. സുകൃതിനിയായിരുന്ന ഈ ബാലിക ചെറുപ്പത്തിൽതുടങ്ങിത്തന്നെ, ഒരു കന്യകാമഠത്തിൽപ്രവേശിച്ചു തന്റെ ജീവിതകാലം മുഴുവനും ദൈവസ്തുതിക്കായി വിനിയോഗിക്കുന്നതിനു് അതിയായി ആഗ്രഹിച്ചിരുന്നു. എങ്കിലും സ്വമാതാപിതാക്കന്മാരുടെ ആഗ്രഹം വിപരീതമായിരുന്നതിനാൽ അവരെ തൃപ്തിപ്പെടുത്തുന്നതിനായി തന്റെ ഏറ്റവുമധികം വയസ്സിൽ വിവാഹിതയാകയത്രെചെയ്തതു്. വിധിവൈപരീത്യത്താൽ റീത്തയുടെ ഭർത്താവു് അതി ക്രൂരനും ഒരുമദ്യപനുമായിരുന്നതിനാൽ ഈ ദാമ്പത്യജീവിതം നമ്മുടെ കഥാനായികക്കു് ഒട്ടുംസുഖകരമായിരുന്നില്ല. "മൂക്കറ്റം" മദ്യപിച്ചതിന്റെശേഷം അർദ്ധരാത്രിയോടുകൂടി വീട്ടിൽവരികയും, അതിവിശ്വസ്ത പത്നിയും തന്നെ സ്നേഹപൂർവ്വസ്സരം പരിചരിക്കയുംചെയ്തിരുന്ന നമ്മുടെ വിശുദ്ധയെ അയാൾ അതികഠിനമായി മർദ്ദിക്കയുംചെയ്തിരുന്നു. അതിദാരുണമായ ഈപ്രഹരവർഷത്തെ പരിപൂർണ്ണക്ഷമ

യോടും അനുസരണയോടുംകൂടെസഹിക്കുകയും അവയെദൈവസ്തുതിക്കായുംസ്വ
വരന്റെ മാനസാന്തരത്തിനായും, ആ തരുണിരത്നം സസന്തോഷം കാഴ്ചവ
യ്ക്കുകയും ചെയ്തിരുന്നു. ഹാ! കുടുംബസമാധാനമില്ലാതെ കഷ്ടപ്പെടുന്ന ദമ്പ
തിമാർക്ക് എത്ര മഹനീയമായ സന്മാതൃക!!

റീത്തയുടെ ഇരുവലുതായക്ഷമയെ സൃഷ്ടികാരുണികനായ ദൈവം ഈ
ലോകത്തിൽവച്ചുതന്നെ സമ്മാനിക്കാതിരുന്നില്ല. പതിനെട്ടുസംവത്സരത്തോ
ളം ദീർഘിച്ച ഈ ദൈവാഹിക ജീവിതത്തിൽ നമ്മുടെ പുണ്യവതിക്കു ര
ണ്ടുസന്താനങ്ങൾ ജാതരായി. ഇവരെ അനുസരണത്തിലും ദൈവഭീതിയി
ലും വളർത്തുന്നതിനു് റീത്ത അത്യധികംശ്രമിച്ചെങ്കിലും സ്വ ഭർത്താവിന്റെ
ദുർവ്യാപാരങ്ങൾ അവരെ പ്രേരിപ്പിക്കുതന്നെചെയ്തു.

നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി റീത്തയുടെ ഭർത്താവു്, തന്റെ
ജീവിതരംഗത്തിന്റെ അന്ത്യഘട്ടത്തോടടുത്തു മാനസാന്തരപ്പെട്ടെങ്കിലും ഈ
സൗഭാഗ്യം അധികനാൾ അനുഭവിക്കുന്നതിനു് നമ്മുടെപുണ്യവതിക്കു് യോ
ഗമുണ്ടായില്ല. എന്തുകൊണ്ടെന്നാൽ ഹർത്തനാൽ അയാൾ വഞ്ചകന്മാരാൽ
വധിക്കപ്പെടുകയും, പുത്രന്മാർ രണ്ടുപേരും പ്രതികാരേച്ഛാരൂക്ഷരായി 'കുച്ച
കെട്ടി' പുറപ്പെടുകയും ചെയ്തു. വിധവയായിത്തീർന്ന അവരുടെ മാതാവു് ഭ
ർത്തൃവിരഹത്തിൽ ഒരുത്തമപതിക്കു് അനുയോജ്യമായവിധത്തിൽ ദുഃഖിക്കുക
യും പ്രതികാരമാകുന്ന ദുഷ്കൃത്യത്തിൽ നിന്നും വിരമിക്കുന്നതിനു് സ്വപുത്രരോ
ടു് പ്രലപിച്ചുപേക്ഷിക്കുകയും ചെയ്തു. എങ്കിലും യൗവനയുക്തരായ അവർ
ഈ അപേക്ഷയെ വിഗണിച്ചു് ഘാതകരെ അന്വേഷിച്ചു നടന്നിരുന്നു. ആ
യാൽ തന്റെ പ്രിയപുത്രരെ ഈ മഹാപാതകത്തിൽ നിന്നു് എങ്ങിനെയെങ്കി
ലും വിമുക്തരാക്കുന്നതിനു് ദൈവത്തെ പ്രാർത്ഥിക്കുവാൻ തുടങ്ങി. എന്തെ
ന്നാൽ അവർ പ്രവർത്തിക്കാനൊരുമ്പെട്ടിരിക്കുന്ന സാഹസകൃത്യത്താൽ അവരു
ടെ ആത്മാവുകളെ അശുദ്ധമാക്കി പിശാചിന്റെ നികൃഷ്ടദാസന്മാരായി കാ
ണപ്പെടുന്നതിനേക്കാൾ പ്രസാദവരത്തിൽ മരിച്ചു് ഓരോ പ്രേതമഞ്ചത്തിൽകിട
ത്തപ്പെട്ടിരിക്കുന്നതു് കാണുന്നതിനായി ആ നല്ലമാതാവു് കൂടുതൽ ഇഷ്ടപ്പെട്ടി
രുന്നു. തദനുസരണം നമ്മരണത്താൽ അവർ രണ്ടുപേരും അധികം താമസി
യാതെ തന്നെ ലോകവ്യവഹാരങ്ങളിൽ നിന്നു് വിമുക്തരാക്കപ്പെടുകയും ചെ
യ്തു. ലോകത്തിൽ തനിക്കു് യാതൊരു ആശ്രയവും ഇല്ലാതെയാക്കിത്തീർത്ത ഈ
പുത്രവിരഹവും പുണ്യവതിയുടെ സഹനശക്തിയെ കുറിനമായി പരീക്ഷിക്കാ
തിരുന്നില്ല. എങ്കിലും ദൈവതിരുഹിതത്തോടുള്ള പരിപൂർണ്ണമായ അനുസര
ണം പുണ്യവതിയെ ദൈവസ്നേഹത്തിൽ പൂർവ്വാധികം സ്ഥിരപ്പെടുത്തി. വാ
ത്സല്യപുത്രവിരഹത്തിൽ അതിരറ്റ ദുഃഖം പ്രദർശിപ്പിച്ചു് ദൈവത്തെ വഴി
കയും ദൈവപരിപാലനയെ ശപിക്കയും ചെയ്യുന്ന ക്രിസ്തീയമാതാക്കൾക്കും
നമ്മുടെവിശുദ്ധയുത്തമ ദൃഷ്ടാന്തമായിയിരിക്കട്ടെ.

അധികകാലവിളംബമെന്യേ റീത്ത സ്വദേശത്തുതന്നെയുള്ള ഒരു അ
ഗുസ്തീനിയൻ കന്യകാമന്ദിരത്തിൽ പ്രവേശനത്തിനപേക്ഷിക്കുകയും വിധവയെ
ന്നുള്ള കാരണത്താൽ അപേക്ഷ നിരാകരിക്കപ്പെടുകയുമുത്തെ സംഭവിച്ചതു്. എ

മാപ്പിപ്പായുടെ പ്രവേശം.

(ഏണേക്കാട്ട് യൌസേപ്പുകത്തനാർ.)

ഒന്നാമത്തെ ഇൻഡ്യൻ തിയ്യക്കസംഘത്തെ മാപ്പിപ്പാ തിരുമനസ്സു കൊണ്ടു് സ്വീകരിച്ചതു് കഴിഞ്ഞ ഒക്ടോബർ ൻ-ാംനു-യാണു്. ആ സംഘത്തിൽ ൻ-ാമ അൽമേനികളും ൻ-ാമ സ്ത്രീകളും ൻ-ാല വൈദികരും ഉണ്ടായിരുന്നു. അതിൽ ഒരു വൈദികൻ മാൻതന്നെയാണെന്നു വായനക്കാർ ഗ്രഹിച്ചാലും. നിശ്ചയിക്കപ്പെട്ട സമയത്തു വത്തിക്കാൻ അരമനയിലെ ഒരു കൊൺസിസ്റ്ററിഹാളിൽ ഞങ്ങളം എത്തി. മാപ്പിപ്പാതിരുമനസ്സുകൊണ്ടു് വന്നു് ഞങ്ങളം ഏവരേയും മോതിരം മുത്തിച്ചശേഷം ഒരു സുവർണ്ണസിംഹാസനത്തിന്മേൽ ഇ

ങ്കിലും മറാധിപയ്യുണ്ടായ ദൈവവെളിപാടാൽ പുണ്യവതിക്കു പ്രവേശനം ലഭിക്കുകയും യഥാകാലം സഭാവസ്ത്രധാരണവും സഭയുടെ വ്രതവാഗ്ദാനവും പുണ്യവതിനിർവഹിക്കയും ചെയ്തു.

വി. റീത്താ തപഃപ്രവൃത്തികളിലും ഇന്ദ്രിയനിഗ്രഹത്തിലും മറെറല്ലാവരേയും അതിശയിച്ചിരുന്നതുകൂടാതെ തൻെറ പ്രാർത്ഥനയുടെ അത്ഭുതാനുഭാവമായ സാഫല്യശക്തിയാൽ സുപ്രസിദ്ധയുമായിത്തീർന്നു. പുണ്യവതി സ്വർഗീയദർശനങ്ങൾ ക്കുടക്കുടെ കണ്ടിരുന്നതിനുംപുറമേ ഒരിക്കൽ ദിവ്യരക്ഷകൻെറ മുൾമുടി തൻെറതലയിലും വയ്പ്പെട്ടുന്നതിനുള്ള ഭാഗ്യാതിരേകവും തനിക്കു സിദ്ധിച്ചു. ഇതിൻെറ ബാഹ്യലക്ഷണമായി തൻെറ നെററിയുടെ ഇടത്തുഭാഗത്തു ഒരു മുറിവുണ്ടാവുകയും അതിൽനിന്നു് നിരന്തരമായ പീഡ പുണ്യവതി അനുഭവിക്കുകയും ചെയ്തിരുന്നു. അവസാനമായി ഹർമ്മനുൽസുകൃതാഭ്യസനത്താലും ക്ഷമാമസൃണമായ പീഡാസഹനത്താലും പരിപാവനമാക്കപ്പെട്ടതൻെറ പരിശുദ്ധാത്മാവിനെ അതിൻെറ സ്രഷ്ടാവിൻെറപക്കൽ കയ്യാളിക്കയുംചെയ്തു.

വി. റീത്തയെ പുണ്യവതിയെന്ന നാമകരണം ചെയ്തിട്ടു് മൂന്നുവ്യാഴവട്ടക്കാലമായിട്ടില്ലെങ്കിലും അത്യാശ്ചര്യകരമായ തൻെറ സ്വർഗ്ഗീയ മദ്ധ്യസ്ഥതയാൽ, മനുഷ്യദൃഷ്ട്യാ അസാദ്ധ്യങ്ങളായിരുന്ന സംഖ്യാതീതങ്ങളായ സംഗതികൾ അത്ഭുതകരമായി സാധിച്ചതിനാൽ "അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥ" എന്ന മഹനീയ നാമത്താൽ വി. സഭ ഈ വിശുദ്ധയെ പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ഈ സ്വർഗ്ഗീയ വല്ലഭയുടെ മദ്ധ്യസ്ഥതയാൽ ലഭിച്ചിട്ടുള്ളതും ലഭിക്കാവുന്നതുമായ അനുഗ്രഹങ്ങൾക്കെല്ലാം ഹാർദ്ദമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടും അത്യാവശ്യവേളകളിൽ ഈ പുണ്യവതിയുടെ ശക്തിയേറിയ മദ്ധ്യസ്ഥതയിൽ [illegible] അഭയം പ്രാപിക്കുന്നതിനായി വായനക്കാരോടു് അഭ്യർത്ഥിച്ചുകൊണ്ടും സാക്ഷിപ്പുമായ ഈ ജീവചരിത്രം ഇിടെ സമാപിച്ചുകൊള്ളുന്നു.

രുന്നപ്പോൾ താഴെപ്പറയുന്ന വിധം ഞങ്ങളുടെ ഡയറക്ടർ ഫാദർ ലിട്ടെല്ലൂർ ഒരു ചെറിയ പ്രസംഗം ചെയ്തു.

"പരിശുദ്ധപിതാവേ, ഇൻഡ്യൻ കത്തോലിക്കരായ അങ്ങയുടെ മക്കൾക്കു തിരുസിംഹാസനത്തോടും വന്ദ്യപിതാവിനോടുമുള്ള ഭക്തിസ്നേഹബഹുമാനാദരങ്ങളെ സന്നിധിയിൽ സമർപ്പിക്കുന്നു. ഞങ്ങൾ ഇൻഡ്യാമഹാസാമ്രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും വന്നവരും ഇരുപത്തിരണ്ടു രൂപതകളിൽ ഉൾപ്പെട്ടവരുമാകുന്നു. ദീർഘമായ യാത്രയുടെ ശേഷം ഞങ്ങൾ യെരുശലേം നേസ്സഹമുതലായ തിരുസ്ഥലങ്ങൾ സന്ദർശിക്കുകയും അവിടെയൊക്കെ തിരുമേനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. ഞങ്ങളെ സ്വീകരിക്കുന്നതിനു അവിടുത്തേയ്ക്കു തിരുവുള്ളമുണ്ടായതിൽ ഞങ്ങൾ അത്യന്തം കൃതജ്ഞരായിരിക്കുന്നു. ഇൻഡ്യയുടെ പ്രധാന പട്ടണങ്ങളായ ബോംബെ, മദ്രാസ്, കൽക്കട്ടായെന്നു മൂന്നസ്ഥലങ്ങളിലും ഓരോ ധ്യാനമന്ദിരങ്ങൾ നടത്തിവരുന്നതു് ജനങ്ങളിൽ ഭക്തിവർദ്ധനവിനു കാരണമായിരിക്കുന്നു. അവമൂലമാണു് ഇങ്ങനെയൊരു തീർത്ഥകസംഘം രൂപീകരിക്കാനിടയായതെന്നും തിരുമനസ്സറിയിച്ചുകൊള്ളുന്നു. ഇതു് ഇൻഡ്യയിൽ നിന്നുമുള്ള ഒന്നാമത്തെ തീർത്ഥകസംഘമാണു്. ദൈവാനുഗ്രഹത്താലും പിതാവിന്റെ ആശീർവ്വാദത്താലും ഇനിയും ഇൻഡ്യയിൽ നിന്നും തീർത്ഥകസംഘം വരുമെന്നു വിചാരിക്കുന്നു. ഞങ്ങൾക്കും ഞങ്ങളെ ബന്ധിച്ചുള്ള സകലർക്കും അങ്ങയുടെ അപ്പസ്തോലിക ആശീർവ്വാദം നൽകണമെന്നു വിനയപൂർവ്വം അപേക്ഷിക്കുന്നു."

അനന്തരം പരിശുദ്ധപിതാവു് ഇപ്രകാരം അരുളിച്ചെയ്തു. "നിങ്ങൾക്കു സ്വാഗതം. ഒരുവലിയ സ്വാഗതം. നിങ്ങൾ ഓരോരുത്തരും വലിയസ്വാഗതം തന്നെ അർഹിക്കുന്നു. എന്തെന്നാൽ വളരെദൂരെനിന്നും നിങ്ങൾ വന്നിരിക്കുന്നു. മറ്റുതീർത്ഥകസംഘങ്ങളെക്കാൾ നിങ്ങളുടേതു് വളരെ പ്രാധാന്യമേറിയതാണു്. അതുകൊണ്ടു തദനുസരണമായ ഒരു സ്വാഗതം നാം നിങ്ങൾക്കായി നൽകുന്നു. നിങ്ങളെ നമ്മുടെ മുമ്പാകെ നാം കാണുമ്പോൾ ഇൻഡ്യാമുഴുവനും ഇവിടെയുള്ളതായിട്ടാണു് നാം വിചാരിക്കുന്നതു്. തന്മൂലം നമുക്കു അത്യന്തം സന്തോഷവുമുണ്ടു്. ധ്യാനമന്ദിരസ്ഥാപനം മൂലമാണു ഈ തീർത്ഥകസംഘം തന്നെ രൂപീകൃതമായതെന്നു് അറിയുന്നതിൽ ആ പ്രസ്ഥാനത്തെ നാം അത്യധികം അഭിനന്ദിക്കുന്നു. നമ്മുടെഹൃദയത്തോടെ നാം അതിനെ ആശീർവ്വദിക്കയും ചെയ്യുന്നു. ഇവിടെ നിൽക്കുന്ന നിങ്ങൾ ഓരോരുത്തരേയും മാത്രമല്ല നാം ദർശിക്കുന്നതു്. മഹാവിസ്തൃതമായ ഇൻഡ്യയിലുള്ള ഓരോ രൂപതകളേയും അതിലെ ഓരോ അംഗങ്ങളേയും നമ്മുടെ മുമ്പാകെ നാം കാണുന്നു. ഇങ്ങനെ നിങ്ങൾ

ഏവരേയും കണ്ടുപരിചയപ്പെടാനിടയായതിൽ നാം അധികമായി സന്തോഷിക്കുന്നു. നിങ്ങളുടെ ഇടയിൽക്കൂടി നാം നടന്നപ്പോൾ നാം ഇൻഡ്യയിൽ തന്നെയാണെന്നു നമുക്കു തോന്നിപ്പോയി. നിങ്ങൾവഴി ഇൻഡ്യയ്ക്കുമുഴുവനും നാം മംഗളം ആശംസിക്കുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ അറിയുവിൻ. നിങ്ങളുടെ ആത്മാവുകളെപ്പറ്റി നാം എത്രയും ശ്രദ്ധാലുവായിട്ടാണ് ഇരിക്കുന്നതു്. നമ്മുടെ പ്രിയപ്പെട്ട വൈദികന്മാരും മെത്രാന്മാരും ദൈലഗാദ് അപ്പസ്തോലിക്കായും മുഖേന നാം തന്നെ നിങ്ങളെ നയിക്കുന്നു. നിങ്ങളുടെ നേർക്കു പിതാവിനുള്ള വാത്സല്യം നമുക്കു എപ്പോഴും ഉണ്ടായിരിക്കുന്നതാണു. നമ്മുടെ ക്ഷണം അനുസരിച്ചാണ് ഈ ജൂബിലിവത്സരത്തിൽ നിങ്ങൾ ഇവിടെ വന്നിരിക്കുന്നതെന്നു നമുക്കറിയാം.

നമ്മുടെ വാത്സല്യപുത്രന്മാരെ, നമ്മുടെ വാത്സല്യപുത്രിമാരെ, നമ്മുടെ ആത്മീയരക്ഷയാണു് നമുക്കു ലഭിച്ച ഏറ്റവും വലിയ നന്മയെന്നു എപ്പോഴും നിങ്ങൾ ഓർക്കുവിൻ. അതിന്റെ ഫലം വേണ്ടുവണ്ണം നിങ്ങൾ അനുഭവിപ്പിൻ. നമ്മുടെ ദിവ്യരക്ഷകന്റെ രക്തപ്രായശ്ചിത്തത്താൽ പാവനമാക്കപ്പെട്ട വിശുദ്ധസ്ഥലങ്ങളെ നിങ്ങൾ സന്ദർശിച്ചു് നിങ്ങളുടെ കൃതജ്ഞതയെ പ്രദർശിപ്പിച്ചുവല്ലോ. അനന്തരം ക്രിസ്തീയകേന്ദ്രമായ ഇവിടെയും– റോമ്മായിലും–നിങ്ങൾ വന്നിരിക്കുന്നു. വളരെ സന്തോഷം.

നാം ഈ ഹാളിലേയ്ക്കു പ്രവേശിച്ചപ്പോൾ വിശുദ്ധകർമ്മാനയുടെ രാത്രിയാരാധനവക നിങ്ങൾ കൊണ്ടുവന്ന ഒരു കൊടികണ്ടു. നിങ്ങളുടെ സ്ഥിരവിശ്വാസത്തേയും കർത്താവിനുവേണ്ടി പലതും ചെയ്വാനുള്ള നിങ്ങളുടെ നന്മനസ്സിനേയും ഇതിൽ നിന്നും നാം ഗ്രഹിക്കുന്നു. നിങ്ങളുടെ ദീർഘയാത്രയും തത്സംബന്ധമായ വിഷമതകളുടെ സഹനവും ദിവ്യരക്ഷകനോടുള്ള കൃതജ്ഞതയുടെ സാക്ഷ്യമായിരിക്കട്ടെ ഈ ജൂബിലിസംബന്ധിച്ചുള്ള പുണ്ണ്യദണ്ഡവിമോചനവും നിങ്ങൾ സമ്പാദിച്ചു കഴിഞ്ഞു. എന്നാൽ ഇനിയും കൂടുതൽ സമ്പാദിക്കേണമെന്നായി നമ്മുടെ കർത്താവു് നിങ്ങളെ നിർബന്ധിക്കുന്നു. ദിവ്യരക്ഷകൻ തന്റെ ജീവനെ നമുക്കായി പ്രദാനം ചെയ്തുകൊണ്ടു നമുക്കു ജീവൻ ഉണ്ടായിരിക്കുന്നതിനു്, അത്യുന്നാരാളമായി ഉണ്ടായിരിക്കുന്നതിനു്, താൻ ആഗ്രഹിക്കുന്നു. ഈ ആത്മീയജീവൻ, ഈ കൂസ്തീയ ചൈതന്യം, ഈ മതശ്രദ്ധാഭക്തി, ഈ സ്ഥിരവിശ്വാസം, നിങ്ങളിൽ എന്നും ധാരാളം ഉണ്ടായിരിക്കട്ടെ. മ്ശിഹായെപ്രതി ധനവ്യയം ചെയ്യുന്നതിനും വിഷമതകളും സഹിക്കുന്നതിനും നിങ്ങൾ സന്നദ്ധരാണെന്നു ഈ യാത്രതന്നെ വിശദപ്പെടുത്തുന്നു. ഇപ്പകാരമുള്ള നന്മനസ്സു് നിങ്ങൾക്കു് ധാരാളം വീണ്ടും ഉണ്ടായിരിക്കട്ടെ.

നിങ്ങൾ ഇൻഡ്യയിലേയ്ക്കു മടങ്ങിപ്പോകേണ്ടതു കൃതജ്ഞതയായ ആത്മീയ എരിവോടും കർത്താവിനുവേണ്ടി വേല ചെയ്യുവാൻ കൃതജ്ഞതയായ സന്നദ്ധതയോടും നമ്മൾക്കുവേണ്ടി തന്റെ ജീവനെ പ്രദിക്ഷിച്ച മ്ശിഹായോടു കൃതജ്ഞതയോടുംകൂടെ ആയിരിക്കണം. നിങ്ങളുടെ ക്രിസ്തീയ ജീവിതവും മതശുഷ്കാന്തിയും നിങ്ങളുടെ ചുറുമുള്ള അജ്ഞാനികളുടെ മനസ്സാന്തരത്തിനു ഇടവരുത്തണം. തന്മൂലം ആ വിസ്തീർണ്ണമായ അജ്ഞാന നാടിന്റെ മിശ്യനറിമാരും അപ്പസ്തോലന്മാരും നിങ്ങൾ ആയിത്തീരണം.

നമ്മുടെ വാത്സല്യമക്കളെ! നിങ്ങൾ ഓരോരുത്തരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു. നിങ്ങളുടെ പ്രിയപ്പെട്ട എല്ലാവരേയും നിങ്ങളുടെ കുടുംബത്തിലും ഇടവകയിലും ഉള്ള ഓരോരുത്തരേയും നാം ആശീർവദിക്കുന്നു. നിങ്ങളുടെ കുടുംബത്തിലേ സകല വയോധികരേയും ദീനക്കാരേയും കുട്ടികളേയും നാം പ്രത്യേകം ആശീർവ്വദിക്കുന്നു. നിങ്ങളുടേയും നമ്മുടേയും പ്രിയപ്പെട്ട ആ ഇൻഡ്യയിലെ ഏവരേയും നാം ആശീർവ്വദിക്കുന്നു. ഇവിടെ നിൽക്കുന്ന ഈ വൈദികർക്കു പ്രത്യേകമായ നമ്മുടെ ആശീർവ്വാദമുണ്ട്. ആത്മരക്ഷയ്ക്കു വേലചെയ്വാനായി നിയമിക്കപ്പെട്ടിരിക്കുന്നവൈദികന്മാരേയും മിശ്നറിമാരേയും നാം ഹൃദയംഗമമായി ആശീർവ്വദിക്കതന്നെ ചെയ്യുന്നു. നമ്മുടെ സന്തോഷസൂചകമായി വിശേഷ ആശീർവ്വാദം നൽകുന്നുവെന്നു ഇവിടെ നിൽക്കുന്ന വൈദികന്മാർ അവരുടെ സഹപ്രവർത്തകന്മാരേയും അറിയിക്കണം. നമ്മുടെ വാത്സല്യപുത്രന്മാരെ, പുത്രിമാരെ, നിങ്ങളോടു നമുക്കു പരിചയപ്പെടുവാൻ ഇടയായതിൽ നിങ്ങൾ ഓരോരുത്തരേയും നാം വെവ്വേറെയായി സംബോധന ചെയ്യുന്നു. നിങ്ങളുടെ മനസ്സിൽ വിചാരിക്കുന്ന എല്ലാവരേയും നിങ്ങൾ കൊണ്ടുവന്നിട്ടുള്ള എല്ലാ ഭക്തസാധനങ്ങളേയും നിയോഗാനുസരണം നാം പൂർണ്ണഹൃദയത്തോടെ ആശീർവ്വദിക്കുന്നു. നിങ്ങളുടെ പ്രിയപ്പെട്ട സ്വദേശത്തേക്കുള്ള മടക്കയാത്ര ആനന്ദപ്രദമായിരിക്കുന്നതിനും നാം ആശീർവ്വദിക്കുന്നു. നിങ്ങൾ പുണ്യത്തിൽ ഉപര്യുപരി അഭിവൃദ്ധിപ്പെടുന്നതിനും ദിവ്യരക്ഷകനെ അധികമായി അറിഞ്ഞു സ്നേഹിക്കുന്നതിനും ഇടയാകത്തക്കവണ്ണം നമ്മുടെ ഈ ആശീർവ്വാദം നിങ്ങളുടെ ജീവിതകാലം മുഴുവനും നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ".

ഇതിന ശേഷം മാർപ്പാപ്പാ സിംഹാസനത്തിൽനിന്നും എഴുന്നേറ്റു ആശീർവ്വചനവാക്യകർമം ഉച്ചരിച്ചുകൊണ്ടു തൃക്കൈയ് ഉയർത്തി ഞങ്ങൾക്കു വാഴ്വു തരികയും ഞങ്ങൾ മുട്ടുകുത്തി അതു സ്വീകരിക്കയുംചെയ്തു.

സ്ക്കൗട്ട് പ്രസ്ഥാനം.

A. R. L. ജോസഫ് കുട്ടമ്മൽ ചങ്ങനാശ്ശേരി.

III

ഇനിയും, സ്കൗട്ടുപ്രസ്ഥാനത്തിന്റെ വിജയനിദാനമായ നിയമസംഹിതയേ താഴെ ഉദ്ധരിച്ചുകൊള്ളട്ടെ.

1) സ്ക്കൗട്ടിന്റെ അഭിമാനം വിശ്വസനീയമാണ്:—

സ്കൗട്ടിന്റെ അഭിമാനത്തെ ആധാരമാക്കി, സ്വാമോ നിസ്സ്വാമോ ആയ ഏതെങ്കിലുംഒരു കൃത്യനിർവഹണത്തിന്ഒരുസ്കൗട്ട്നിയുക്തനായാൽ, അത്അയാളുടെ ശക്ത്യനുസാരണം നിർവഹിക്കുവാൻഅയാൾ നിർബന്ധിതനാണ്. സ്കൗട്ടിന്റെ അഭിമാനം അയാൾക്കു് ഏറ്റവും പരിപാവനതരമാണ്. പൊളിപറഞ്ഞോ, മറേറതെങ്കിലും വിധത്തിലോ അഭിമാനത്തിനു് ഭംഗം വരുത്തുന്ന സ്കൗട്ട് അയാളുടെ "മുദ്ര" (Badge) വച്ചു് സ്ഥാനമൊഴിയേണ്ടതാണു്. അതുകയാൽ സ്കൗട്ടിന്റെ വാക്കു് ലിഖിതമാകുന്ന ഉടമ്പടിയേക്കാൾ ഉറപ്പുള്ളതാണു്.

2) സ്ക്കൗട്ട്, രാജ്യത്തോടും രാജാവിനോടും, മാതാപിതാക്കന്മാരോടും മറെറ മേലധികാരികളോടും ഭക്തിയുള്ളവനായിരിക്കണം:—

സ്ഥലകാലഭേദമോ, സാഹചര്യവ്യത്യാസമോ ഗണിക്കാതെ, നാടിനും, വീടിനും,നാട്ടുവാഴിക്കും ഉപദ്രവകരമായ പ്രവർത്തനങ്ങളിൽ സഹകരിക്കരുതെന്നു പ്രതീക്ഷ.

3) സ്ക്കൗട്ട് പരോപകാരതല്പരനായിരിക്കണം—

പുരാതനകാലങ്ങളിലേ ത്യാഗവീരന്മാരായയോദ്ധാക്കളെ(Knights) പ്പോലെ ആധുനികത്യാഗശാലികളായ സ്കൗട്ട്സും പരോപകാരാവസരങ്ങളം അന്വേഷിച്ചു് ജീവിക്കേണ്ടവരാണു്. പരോപകാരം വീട്ടിലാണു് ആരംഭിക്കേണ്ടതു്. മാതാപിതാക്കന്മാരെ സന്തോഷപൂർവം സഹായിപ്പാനാണു് ഒരു സ്കൗട്ട് ആദ്യം അഭ്യസിക്കേണ്ടതു്. പ്രതിദിനം ഓരോ സൽകൃത്യമെങ്കിലും ഒരു സ്കൗട്ട ചെയ്തിരിക്കേണ്ടതാണു്.

4) സ്ക്കൗട്ട് എല്ലാപേരുടെയും സ്നേഹിതനും ഇതര സ്ക്കൗട്ടിന്റെ സഹോദരനുമായിരിക്കണം:—

ലോകരെല്ലാം മിത്രങ്ങളാണെന്നും മറെറ സ്കൗട്ടസംഘാംഗങ്ങളെല്ലാം ഏകോദരസഹോദരന്മാരാണെന്നുമുള്ള ധാരണയായിരിക്കണം സ്കൗട്ട്സിനു് ഉണ്ടായിരിക്കേണ്ടതു്. കുലീനനെന്നോ, കുലഹീനനെന്നോ, കുമ്പോരനെന്നോ, കുചേലനെന്നോ ഉള്ള യാതൊരു ചിന്തയോ, ജാതിമതഭേദമോ

ക്കുടാതെ ഏതുകാര്യത്തിലും പരസ്പരം സഹായിക്കുന്നതിനും അന്യർക്കു ഗുണം ചെയ്യുന്നതിനും സ്കൗട്ട്സ് സദാ ഒത്തശ്രദ്ധരായിരിക്കേണ്ടതാണ്.

5) സ്ക്കൗട്ട്സ് മര്യാദക്കാരായിരിക്കണം:—

മര്യാദയും, വിനയവും സ്കൗട്ടിന്റെ ലക്ഷണങ്ങളിൽ ചിലതാണ്. ആകയാൽ ലോകരോടെല്ലാം മര്യാദയോടുംവിനയമായും പെരുമാറുവാൻ സ്കൗട്ട് സംഘാംഗങ്ങൾ കടപ്പെട്ടിരിക്കുന്നു. വിശിഷ്യാ, അബലകൾക്കും അന്ധർക്കും, കുഞ്ഞുങ്ങൾക്കും, വൃദ്ധന്മാർക്കും സ്കൗട്ട്സ് സഹായകന്മാരായിരിക്കേണ്ടതാണ്. മാത്രമല്ല, ചെയ്കൊടുക്കുന്ന സഹായങ്ങൾക്ക് യാതൊരു സ്കൗട്ടും പ്രതിഫലം സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

6. സ്ക്കൗട്ട് ജന്തു ബന്ധുവായിരിക്കേണ്ടതാണ്.

ജന്തുക്കളും ദൈവസൃഷ്ടിയാകയാൽ അവയേയും സ്നേഹിപ്പാൻ സ്കൗട്ട്സ് നിർബന്ധിതരാണ്. സ്കൗട്ട്സ് ജന്തുക്കളെ ഉപദ്രവിക്കുകയോ ഉപദ്രവിക്കുന്നതിനു സമ്മതിക്കുകയോ ചെയ്യരുതെന്നു ഈ നിയമം അവരെ ഉപദേശിക്കുന്നു.

7. സ്ക്കൗട്ടസംഘാംഗങ്ങൾ മാതാപിതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും മറ്റു അധികാരികളുടേയും കല്പന മടികൂടാതെ അനുസരിക്കണം.

അധികാരികളുടെ ആജ്ഞകൊണ്ടു സന്തോഷം അനുവർത്തിക്കുവാൻ സ്കൗട്ട്സ് സദാ സന്നദ്ധരായിരിക്കണം. ആജ്ഞകളെ വിമർശിക്കേണ്ടതുമതല സ്കൗട്ടിനില്ല. തൃപ്തികരമല്ലാത്ത ആജ്ഞകൾ ലഭിക്കുമ്പോൾ ഉർമുഖം പ്രദർശിപ്പിക്കുന്നവൻ സ്കൗട്ടനാമത്തിനു അശേഷം അർഹനല്ലത്രെ.

8. സ്ക്കൗട്ട്സ് ആപത്തുകളെ ധീരതയോടും പ്രശാന്തതയോടുംകൂടി വേണം അഭിമുഖീകരിക്കേണ്ടതു്.

ഭീരുത്വവും ശങ്കയും സ്കൗട്ടിനു അഭിലഷണീയമല്ല. ഏതുതരാഹിതവും നിസ്സാരമെന്നു കരുതി ഉന്മേഷത്തോടുകൂടി അവയെ നേരിട്ടാൽ യഥാർത്ഥത്തിൽ അവ ലഘുവായിത്തന്നെ പരിണമിപ്പെടുമെന്നു സ്കൗട്ട്സ് ധരിച്ചിരിക്കേണ്ടതാണ്.

9. സ്ക്കൗട്ട് മിതവ്യയശീലനായിരിക്കണം.

ആവശ്യങ്ങൾക്കല്ലാതെ ആഡംബരത്തിനായി പണം വ്യയം ചെയ്യുവാൻ സ്കൗട്ട് അനുവദിക്കപ്പെട്ടിട്ടില്ല. ജോലി ചെയ്വാൻ അപ്രാപ്തനാകുമ്പോൾ അന്യരെ ബുദ്ധിമുട്ടിക്കാതെ ഉപജീവിക്കേണ്ടതിനും വാർദ്ധക്യാവസ്ഥ പ്രാപിക്കുന്ന മാതാപിതാക്കന്മാരെ സംരക്ഷിക്കേണ്ടതിനുംമറ്റുമായി വരുവിലൊരുഭാഗം സമ്പാദിക്കേണ്ടതു് എല്ലാ സ്കൗട്ടിന്റെയും മൂലതലയാണെന്നാണ് ഈ നിയമം അവരെ ഉദ്ബോധിപ്പിക്കുന്നതു്.

10) സ്ക്കൗട്ട്സ്. മനസ്സാ, വാചാ, കർമ്മണാ, പരിശുദ്ധത പാലിക്കണം:—

ത്രിവിധകാരണങ്ങളെ പരിപാവനമായി പരിപാലിക്കാത്തവൻ സ്കൗട്ട് അല്ലതന്നെ. വേഷഭൂഷാദികളും, ശരീരവും സദാശുചിയായ് സൂക്ഷിക്കേണ്ടതുപോലെ തന്നെ, സ്കൗട്ട് അവന്റെ അന്തഃകരണത്തേയും ഏറ്റവും വൃത്തിയായും സംരക്ഷിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. മനസ്സാക്ഷി നിർമ്മലമായിരിക്കണമെങ്കിൽ, വിചാരവും, വചനവും, പ്രവൃത്തിയും ശുചിയാകാതെ ഗത്യന്തരമില്ലല്ലോ. അശുദ്ധ ജീവിതം നയിക്കുന്നവൻ, ഉപദേശങ്ങൾകൊണ്ടു് നന്നാകുന്നില്ലെങ്കിൽ, ഉത്തരക്ഷണത്തിൽ സംഘത്തിൽ നിന്നു് ബഹിഷ്കൃതനാക്കപ്പെടേണ്ടതാണു്. പ്രലോഭനങ്ങൾക്കു് വിധേയനാകുന്നവൻ ധീരനല്ലല്ലോ. മാത്രമല്ല, അവന്റെ പ്രഥമ പ്രതിജ്ഞയിൽ നിന്നുതന്നെ ഏറ്റം വ്യതിചലിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ അവൻ യഥാർത്ഥ സ്കൗട്ട് നാമത്തിനു് അശേഷം അർഹനല്ല.

സ്കൗട്ടപ്രസ്ഥാനം പുരുഷന്മാക്കു മാത്രമായിട്ടുള്ളതാണെങ്കിൽ, തത്തുല്യമായ ഒരു പരിശീലന പദ്ധതി സ്ത്രീകൾക്കായും ഏർപ്പെടുത്തിയിട്ടുണ്ടു്. സ്ത്രീകളുടെ കായികവും, മാനസികവുമായ അഭിവൃദ്ധിയെ സാരമായി സഹായിക്കുന്ന നിയമങ്ങളും പരിശീലനമുറകളുമാണു് പ്രസ്തുത പ്രസ്ഥാനത്തിനുള്ളതു്. വനിതകൾക്കു് സർവഥാ അനുരൂപമായ ഈ പ്രസ്ഥാനം Girl Guide (ഗേൾഗയിഡു്) "മഹിളാമാസ്റ്റർഗി" എന്ന അഭിധാനത്താലാണു് അറിയപ്പെടുന്നതു്. ഗേൾഗയിഡു് എന്നതു സ്ക്കൗട്ട് എന്നവാക്കിന്റെ സ്ത്രീലിംഗമായി പരിഗണിച്ചാൽ മതിയാകും. സ്കൗട്ടപ്രസ്ഥാനത്തോടൊപ്പം ഗേൾഗയിഡു് പ്രസ്ഥാനത്തിനും ലോകമെങ്ങും പ്രചാരം സിദ്ധിച്ചിട്ടുണ്ടു്.

ഇനിയും നമ്മുടെ രാജ്യത്തെ സ്കൗട്ടപ്രസ്ഥാനത്തിന്റെ ഉത്ഭവചരിത്രംക്രമേ പറഞ്ഞുകൊണ്ടു് ഈ ഭാഗം ഉപസംഹരിക്കാം. തിരുവിതാംകൂറിൽ സ്കൗട്ട പ്രസ്ഥാനത്തിനു ബീജാവാപം ചെയ്തതു് റസിഡണ്ടായിരുന്ന വെണ്ട്ൽ ധ്വരയാണു്. എന്നാൽ ധ്വരയാൽ സമാരംഭിതമായ ഈ പ്രസ്ഥാനത്തിനു് ഇന്നു കാണുന്ന ശക്തിയും ഓജസ്സും ലഭിച്ചതു നമ്മുടെ രാജകുടുംബത്തിന്റെ അതീവപരിലാളനയാലാണു്. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു ചീഫ് സ്കൗട്ടായും സ്ഥാനം കൈക്കൊണ്ടപ്പോൾ ഈ പ്രസ്ഥാനത്തിനു സിദ്ധിച്ച ഉത്തേജനവും അഭിവൃദ്ധിയുംഅവർണ്ണനീയം തന്നെ. അതുപോലെതന്നെ തിരുവിതാംകൂറിൽ ഗേൾഗയിഡ്പ്രസ്ഥാനത്തിനു സിദ്ധിച്ചിട്ടുള്ള പ്രചാരത്തിനും പ്രസിദ്ധിക്കുംകാരണം ശ്രീകാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടിയുടെ മഹനീയ നേതൃത്വവുമാണെന്നു് പ്രത്യേകം പ്രസ്താവ്യമാണു്.

മുതിരപ്പറമ്പിലെ അതിരുവഴക്ക്.

(റവ. ജോൺ എസ്. ജെ. കിഴക്കേത്തയ്യിൽ)

ഏഴുപത്തഞ്ചു വയസ്സായ മുതിരപ്പറമ്പിലേ മാത്തച്ചനു ദീനം പിടിച്ചു കിടപ്പിലായിട്ടു ഇപ്പോൾ ആറുമാസം കഴിഞ്ഞിരിക്കുന്നു. കാലിൽ തുടങ്ങിയ വീക്കം മേലുമുഴുവൻ ബാധിച്ചു് ആകമാനം വീർത്തു ചക്കപ്പുഴം പോലായി. കിടന്നാകിടപ്പിൽനിന്നു തിരിയുവാനോ, മറിയുവാനോ, സാഖ്യമല്ലാതെ സുധുകിഴവൻ ചുളുകണ്ണിർ പൊഴിക്കുന്നതൊഴിക്കുടി മക്കളെല്ലാരേയും ശകാരിക്കുന്നുമുണ്ടു്. കട്ടിലിനടുത്തുവച്ചിരിക്കുന്ന കഷായക്കലത്തിൽനിന്നും രണ്ടു കയിൽ കഷായം വായിൽ ഒഴിച്ചുകൊടുക്കുവാൻ പോലും ആളില്ല. "കൊന്നത്തെങ്ങു"പോലെ വളർന്ന മക്കളും മൂപ്പീന്നിനു് അഞ്ചെണ്ടെങ്കിലും അവരിൽ ഒരുത്തനെങ്കിലും തങ്ങളുടെ വയസ്സുംപ്പനെ ഒരുകണ്ണു നോക്കുകയോ, അച്ചനെ വരുത്തി ക്ഷാശകം കൊടുപ്പിക്കയോ, കണിയാരെ വിളിച്ചു കഷായത്തിനു കുറുപ്പിക്കയോ, കാലത്തിനടുത്ത ശുശ്രൂഷകളും നടത്തുകയോ ചെയ്യുന്നില്ല. അവർ അഞ്ചുപേരുടേയും ഉദ്ദേശം അപ്പന്റെ കണ്ണടഞ്ഞാൽ അവകാശം കൈക്കലാക്കി സ്വതന്ത്രഭരണം വേഗത്തിൽ തുടങ്ങാമെന്നാണു്. ഈ പരമദുഷ്ടന്മാർക്കു്, കത്തോലിക്കർ എന്നപേരു മാത്രമുള്ള ഈ 'കണ്ണിൽ ചോരയില്ലാത്തവർക്കു്', "നല്ലപ്രായത്തോളം ഭൂമിയിൽ ഇരിപ്പാനായി അപ്പനേയും അമ്മയേയും ബഹുമാനിച്ചുകൊള്ളുക" എന്ന ദൈവപ്രമാണത്തിന്റെ അല്പജ്ഞാനമെങ്കിലുമുണ്ടോ? ദൈവത്തിന്റെ സ്ഥാനത്തിൽ നില്ക്കുന്ന തങ്ങളുടെ മാതാപിതാക്കന്മാരെ സ്നേഹിച്ചു, അവർക്കു വാർദ്ധക്യകാലത്തിൽ പരിചരണം ചെയ്യാത്ത സന്തതികളും, ദൈവകോപത്തിനും നിത്യശിക്ഷയ്ക്കും പാത്രവാന്മാരാകുമെന്നുള്ളതിനു എന്താണു് സംശയം! "വിശക്കുന്നവർക്കു തിന്മാൻ കൊടുക്കുന്നതു്; ദാഹിക്കുന്നവർക്കു കുടിപ്പാൻ കൊടുക്കുന്നതു്; ഉടുപ്പാനില്ലാത്തവർക്കു ഉടുപ്പാൻ കൊടുക്കുന്നതു്; വ്യാധിക്കാരേയും വിലങ്ങിടത്തിൽ കിടക്കുന്നവരേയും ചെന്നുകണ്ടാശ്വസിപ്പിക്കുന്നതു്" എന്നുള്ള മനോഹരപ്രവൃത്തികളെങ്കിലും മനസ്സിലാക്കി, 'ആരുവോരുമില്ലാതെ' അതിയായിസങ്കടപ്പെട്ടുന്ന അപ്പനമ്മമാരെ ഈ 'മൂടലമാടന്മാർ' ശുശ്രൂഷിച്ചിരുന്നുവെങ്കിൽ! കാണാൻ പാടുള്ള സ്വസഹോദരങ്ങളെ സ്നേഹിക്കാത്തവരാണോ, കാണാൻ പാടില്ലാത്ത ദൈവത്തെ സ്നേഹിക്കുന്നതു്! 'എന്റെ നാമത്തിൽ ഒരു കോപ്പ പച്ചവെള്ളംപോലും കൊടുക്കുന്നവനു് അതിന്റെ സമ്മാനം കിട്ടാതെ പോകയില്ല' എന്ന കർത്താവിന്റെ തിരുവചനങ്ങളും ഈ 'കെഴക്കുനാന്മാർ' അല്പമൊന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ! ഓ ദൈവമേ, ഇവരാണോ ക്രിസ്ത്യാ

നികൾ! ഇവരാണോ കത്താവിന്റെ സ്നേഹിതർ!! ഇവരാണോ മോക്ഷത്തിന്റെ അവകാശികൾ!!!

മാത്തച്ചൻ കറപ്പു തിന്നിട്ടു ദിവസം നാലായി. നാലുചക്രം കൊടുത്തു നാലു 'പണമിട' കറപ്പു വാങ്ങിച്ചുകൊടുക്കുന്നതിനു് നാല്പതിനായിരം രൂപയിലധികം സ്വത്തുള്ള മൂപ്പീന്നിനു് ആളില്ല. കണിയാരുകുറിച്ച 'ഓലത്തുണ്ടി'ലേ പച്ചമരുന്നുകൾ പറിച്ചുകൊണ്ടുവന്നു് കഷായം വയ്ക്കുന്നതിനു് എളയമകൾ അച്ചാമ്മയല്ലാതെ 'മൂട്ടവച്ചാൽ പൊട്ടുന്നതുവരെ,' തിന്നുവീത്ത 'ചീങ്കണ്ണിവയറന്മാരിൽ' ഒരുത്തനും വരുന്നില്ല. മാത്രമോ! നീരുവെച്ചു ദേഹമൊക്കെ വീർത്തിരിക്കുന്ന ഈ പട്ടകിഴവനെ താങ്ങിയെടുത്തു 'മലമൂത്രവിസർജ്ജനം' ചെയ്യിക്കുവാൻപോലും ഈ 'കരിമല്ലന്മാരിൽ' ഒരുവനും വരുന്നില്ലെന്നു പറഞ്ഞാൽ മതിയല്ലോ. എന്തിനധികം! 'വെളിക്കു'പോകുവാനുള്ള അത്യാവശ്യത്താൽ മാത്തച്ചൻ വല്ലാതെ പണിപ്പെട്ടു ഒന്നെഴുനേല്പ്പുവാൻ ശ്രമിച്ചു, ഇടത്തുനിന്നും വലത്തോട്ടൊന്നു തിരിഞ്ഞു. അയ്യോ! കഷ്ടകാലം നോക്കണമെ! 'മോങ്ങാനിരുന്ന നായുടെ തലയിൽ വീണ ഒരു തേങ്ങാ,' എന്നു പറഞ്ഞാൽ തീർന്നില്ലോ. മാത്തച്ചൻ വലത്തോട്ടുതിരിഞ്ഞു കിടക്കയിൽനിന്നു മറിഞ്ഞു 'പൊത്തോ'ന്നു നിലത്തോട്ടു ഒരു വീഴ്ച. വീണതും കോളാമ്പിയുടേയും കഷായക്കലത്തിന്റേയും പുറത്തു. മലമൂത്രവിസർജ്ജനവും അതോടെ കഴിഞ്ഞു. കോളാമ്പി മറിഞ്ഞു ദേഹമെല്ലാം ഈ പുതിയ തൈലംകൊണ്ടു പൊതിഞ്ഞു. കഷായക്കലം പൊട്ടി വായിൽ ഒഴിക്കേണ്ടിയിരുന്ന ഔഷധം മുഴുവനും തലയിൽനിറഞ്ഞു് എണ്ണതേച്ചു കുളിച്ചതുപോലായി. പോര! കോളാമ്പിയുടെ വക്കും ഓടിന്റെ കഷണവും സുവ്വാംഗവും കുത്തിക്കയറി പിഴിയും ധാരയുംകൂടി കഴിഞ്ഞു. "അയ്യോ, ഈശോ, ഓടിവായോ, ഞാൻ ചാകാറായേ" എന്നുള്ള വൃദ്ധന്റെ ദീനവിളികേട്ടു അടുത്ത മുറിയിൽ 'കുരണ്ടി'കളിൽ ഇരുന്ന ചോരും പുഴുക്കും വയറുനിറെ ചെലുത്തുന്ന 'ശാപ്പാട്ടരാമന്മാർ' ദീനമുറിയിലേയ്ക്കു ഒന്നെത്തിനോക്കുകകൂടി ചെയ്യാതെ എന്താടോ, ചാകാറായിട്ടും ചുമ്മാതിരിക്കാമ്മേലേ, പട്ടിയെപ്പോലെ ഓലിയിടുന്നതു്. എന്തൊരു ഒഴിയാവാത; വല്ലച്ചാതീം ഈ നാശം തലയിൽനിന്നും ഒഴിഞ്ഞിരുന്നെങ്കിൽ! ചുമ്മാതിരുന്ന രണ്ടുചോറുപോലുമുണ്ണാൻ ഈ മുടുക്കിളവൻ സമ്മതിക്കയില്ലല്ലോ. എന്നിങ്ങനെ ശാസിക്കുമ്പോൾ, ദീനമുറിയിലുണ്ടായ ശബ്ദവും, സാധുരോഗിയുടെ ദീനസ്വരവും കേട്ടു തത്രപ്പെട്ട ഓടിവന്ന അച്ചാമ്മ അപ്പച്ചൻ നിലത്തു കിടന്ന മരണവായു വലിക്കുന്നതുകണ്ടു് നെഞ്ചത്തടിച്ചുകൊണ്ടു് അയ്യോ! അപ്പച്ചാ! അയ്യോ! അപ്പച്ചാ, ഞങ്ങളെ വിട്ടേച്ചുപോണോ, ഇനി ഞങ്ങക്കാരുണ്ടോ, അച്ചാച്ചാ, കൊച്ചിച്ചാച്ചാ, തോമ്മാച്ചാ, വക്കിച്ചാ, ഓടിവാ

യോ അപ്പച്ചൻ ഇതാ ചാകാൻപോണേ, അച്ചനെ വിളിക്കോ. കുമ്പസാരം കൊടുക്കോ, അയ്യോ, അപ്പച്ചൻ നിലത്തുവീണ് ഇതാ ചങ്കുപൊട്ടിച്ചാകാൻ പോണേ. എന്നു മുറവിളികൂട്ടി ഇതുകേട്ട ആൺമക്കളും അഞ്ചു പേരും അകത്തുവന്നു വായുവലിക്കുന്ന അപ്പനെ വലിച്ചുപൊക്കി, കിടക്കയിൽ തള്ളി, ഉടനടി അടുത്ത വീട്ടിലേ കുഞ്ഞച്ചനും പാപ്പച്ചനും അളയച്ചു, മരണപത്രിക തയ്യാറാക്കുന്നതിന്റെ ഏർപ്പാടുകൾ തകൃതിയായി തുടങ്ങി. ഇതിനിടയിൽ കാട്ടുവേലിലേ മുറിമൂക്കൻനായരും കടലാസും പേനയുമായി വന്നുകഴിഞ്ഞു. എന്നാൽ ഒരുത്തനെങ്കിലും അച്ചനെ വിളിക്കുന്ന കാര്യത്തിൽ ഒരക്ഷരവും മിണ്ടുന്നില്ല. മാത്തച്ചനു ബോധം ഉണ്ടായി കണ്ണു തുറന്നപ്പോൾ കണികാണുന്നതു് മുറിമൂക്കൻനായരേയും അവന്റെ മുറിപ്പേനയെയും. ഉടൻതന്നെ ഭാഗം തിരുമാനിക്കണമെന്നു കുഞ്ഞച്ചനും പാപ്പച്ചനും നിശ്ചയവും ചെയ്തു. അച്ചനെ വിളിച്ചു കുമ്പസാരം കൊടുത്തതിന്റെ ശേഷം മതി ഇതെല്ലാമെന്നു അടുത്തുനിന്ന കണ്ണുനീർ പൊഴിക്കുന്ന അച്ചാമ്മ പറഞ്ഞുവെങ്കിലും, അവളുടെ കരണത്തിനു മൂത്തമകൻ പാലു ഒന്നു കൊടുത്തു. പോടി, വെളിക്കുപോ, ശവം, നിനക്കെന്താ ഭ്രാന്തുപിടിച്ചോ, പുണ്യാളത്തി, അപ്പച്ചൻ ഇപ്പം എന്താ ചാകാൻപോണോ, എന്നുപറഞ്ഞു കഴുത്തിനുപിടിച്ചു വെളിക്കുതള്ളി. പഞ്ചായത്തിനുവന്ന മൂപ്പീന്നന്മാരുടേയും മുറിമൂക്കൻനായരുടേയും നിശ്ചയപ്രകാരം മാത്തച്ചന്റെ സ്വത്തു, മക്കളുടെ അനേകവഴക്കുകൾക്കും, പിടിവാദങ്ങൾക്കും ശേഷം, ഏകദേശം മൂന്നാപോലെ ഭാഗിച്ചു, മരണവായു വലിക്കുന്ന മാത്തച്ചന്റെ കൈയ്യടിച്ചു ഒപ്പും വയ്പിച്ചു. എന്താ തരക്കേടുണ്ടോ! അപ്പച്ചനെ ഇനിയും വലിച്ചുകഴിയിൽ മൂടിയാൽ പോരെ! മൂപ്പൻ നരകത്തിൽ പോയാലെന്താ, മോക്ഷത്തിൽ പോയാലെന്താ! നമുക്കു കിട്ടാനുള്ളതു കിട്ടിക്കഴിഞ്ഞില്ലേ! ഇതിനിടയിൽ മാത്തച്ചൻ മരണവായു വലിച്ചുകൊണ്ടു അയ്യോ, അച്ചനെ വിളിക്കോ, എന്നു ഏറ്റവും താണ സ്വരത്തിൽ നിലവിളിച്ചു. ഇതുകേട്ട അച്ചാമ്മ, ഉടുത്തിരുന്ന കരിമുണ്ടോടെ പള്ളിയിലേക്ക് ഓടി അച്ചനെ വിളിച്ചുകൊണ്ടുവന്നു. അച്ചൻ വന്നപ്പോൾ മാത്തച്ചന്റെ കാര്യം അമ്പരപ്പിലായി. കുമ്പസാരം കഴിക്കുവാൻ നാക്കു പൊങ്ങുന്നില്ല. ബോധം തന്നെ നല്ലവണ്ണം ഉണ്ടോ എന്നു സംശയം. അച്ചൻ നാലുപ്രാവശ്യം അടുത്തിരുന്നു വിളിച്ചതിന്റെ ഫലമായി മാത്തച്ചൻ കണ്ണുതുറന്നു അച്ചനെ ഒന്നുനോക്കി. ഇത്തരത്തിനു അച്ചൻ 'മാത്തച്ചാ' ഞാൻ മാത്തച്ചനു 'കുമ്പസാരം പോകും' ഒട്ടക്കത്തെ ഒപ്പ്രൂമായും തരാൻ പോകുന്നു. പാപത്തെക്കുറിച്ചു നല്ലവണ്ണം മനസ്താപപ്പെട്ടുകൊള്ളുക. പേടിക്കേണ്ട. ഈശോമ്ശിഹാ മാത്തച്ചന്റെ പാപങ്ങളെ പൊറുത്തു മാത്തച്ചനെ നു

ൽവഴി പോക്കും. അങ്ങനെ അറുതിയില്ലാത്ത കൃപയുള്ളവനാകുന്നു. എന്നപറഞ്ഞു തുങ്ങപ്പെട്ടരൂപം മാത്തച്ചന്റെ കയ്യിൽകൊടുത്തു മുത്തിച്ചു. ദോഷപൊറുതിയും ഒടുക്കത്തെ ഒപ്പ്രുമായും മറവു അനുഗ്രഹാശീർവാദങ്ങളും കൊടുത്തു. മാത്തച്ചന്റെ കണ്ണിൽ വെള്ളിത്തുള്ളിപോലെ ഒരു കണ്ണീർ പൊടിഞ്ഞു. ഇതോടെ മാത്തച്ചന്റെ ആത്മാവു നിത്യതയിലേയ്ക്കു പ്രവേശിക്കയും ചെയ്തു.

വികാരി അച്ചൻ വീടുവിട്ടുപോകുന്നതിനു മുൻപു മാത്തച്ചന്റെ മക്കളെ അടുത്തുവിളിച്ചു ഒരു വലിയ ഉപദേശം കൊടുക്കാതിരുന്നില്ല. 'പ്രിയ പിള്ളേരെ' നിങ്ങൾ എന്തു വിണ്ടുവിചാരമില്ലാത്തവരാണു'! ഇങ്ങനെയാണോ നിങ്ങൾ നിങ്ങളുടെ അപ്പനോടു വർത്തിക്കേണ്ടതു'! ഞാൻ കഴിഞ്ഞ ഞായറാഴ്ചയും പ്രസംഗത്തിൽ പറഞ്ഞില്ലേ, ദീനത്തിൽ കിടക്കുന്നവരുടെ ആത്മീയകാര്യങ്ങളാണു' ആദ്യമെ നടത്തേണ്ടതെന്നു'; സാധു മാത്തച്ചൻ ബോധമറവു മരണവായു വലിക്കുന്നതുവരെ നിങ്ങൾ അച്ചനെ വിളിക്കുകയോ, ക്രമാശകൾ കൊടുപ്പിക്കയോ ചെയ്തില്ല. ഇതു നിങ്ങളുടെ കടമയല്ലേ! ഈ ആത്മാവിന്റെ കാര്യത്തിൽ നിങ്ങൾതന്നെ കണക്കു കൊടുക്കേണമെന്നു മറന്നുപോകുന്നോ! നാലാംപ്രമാണത്തിന്റെ വ്യാഖ്യാനത്തിൽ ഇതു ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? സാധുമാത്തച്ചൻ കുമ്പസാരിച്ചിട്ടു ഇപ്പോൾ ഒരുകൊല്ലമായെന്നു തോന്നുന്നു. അയ്യോനിങ്ങൾ ഏതൊരു ബുദ്ധിയില്ലാത്തവർ! ഇനിയെങ്കിലും എന്റെ പിള്ളേരേ നിങ്ങൾ ഇങ്ങനെ ആരോടും ചെയ്യരുതേ. പോയതു ആനപിടിച്ചാലും വരുല്ലല്ലൊ. അതുകൊണ്ടു മരിച്ചുപോയ മാത്തച്ചന്റെആത്മശാന്തിക്കായി നിങ്ങൾ എല്ലാവരും നാളെപോയി കുമ്പസാരിച്ചു കർബാനകൈയ്യൊണ്ടു രാസയും ഒപ്പീസും ചൊല്ലിക്കണം, ശവംഅടക്കും നിങ്ങളുടെ നിലയ്ക്കു തക്കവണ്ണം നടത്തണം."

"മതി, അച്ചാ, മതി," എന്നു മൂത്തമകൻ പാലൂ അച്ചനെ തടഞ്ഞുപറഞ്ഞു. "അപ്പച്ചന്റെ ആത്മാവിന്റെ കാര്യം ഞങ്ങളേറ്റു. അപ്പച്ചൻ പിലാപ്പോഴെല്ലാം കൊന്നമസ്സാരവുംമറവും എത്തിക്കാറുണ്ടായിരുന്നു. അതുകൊണ്ടു അപ്പച്ചന്റെ ആത്മാവു മോക്ഷത്തിൽ പോയിട്ടുണ്ടു'. ഞങ്ങൾ കുമ്പസാരിച്ചു കർബാന കൈയ്യൊണ്ടിട്ടുംമറവും ആവശ്യമില്ല. അപ്പച്ചൻ പിടിച്ചുപറിയും, കൊലപാതകവും മറവും നടത്തിയ 'കേഡി'യുംമറവുമല്ല. രാസയും ഒപ്പീസുംമറവും ചൊല്ലിക്കുവാൻ ഞങ്ങൾ നിശ്ചയിച്ചിട്ടില്ല. അപ്പച്ചൻ അതിനൊന്നും നീക്കിവച്ചിട്ടുമില്ല. എന്റെ വീതത്തിലുള്ള ഒരുകാര്യം ഞാൻ രാസയ്യും ശവമടക്കിനുംമറവും കൊടുക്കയില്ല. എനിക്കു നാലുണ്ടു' മക്കൾ. അവരെ തീറ്റിപ്പോറ്റേണ്ടതു' ഇതുകൊണ്ടാണു'. ആത്മാക്ക

ളെ രക്ഷിക്കേണ്ടതു് അവരവരുടെ കാര്യമാണു്. തെങ്ങളുടെ കാര്യമല്ല" ഇതുകേട്ട വികാരിഅച്ചൻ മൂക്കിന്മേൽ വിരലു വച്ചുകൊണ്ടു് "അയ്യോ പാലുച്ചാ, ഇതാണൊ നീ ഇതുവരെയും പഠിച്ചു വച്ചിരിക്കുന്നതു്! ഒരാത്മാവിന്റെ വില ലോകത്തിലുള്ള ഏതൊരു സമ്പത്തിനോടാണു് ഉപമിക്കാവുന്നതു്! ലോകംമുഴുവൻ നേടിയാലും സ്വന്ത ആത്മാവു നശിച്ചുപോയാൽ നേടിയ ലോകംകൊണ്ടു് എന്താണു പ്രയോജനം! എന്നാല്ലേ ദിവ്യരക്ഷകൻ മോടിക്കുന്നതു്? അപ്പച്ചന്റെ ആത്മാവിന്റെ കാര്യം നിങ്ങളേറേറാ! കൊള്ളാം, മാത്തച്ചൻ പാപമറവനായി ജീവിച്ചുവെന്നുള്ളതിനു നിങ്ങൾക്കെന്താണു് ഉറപ്പുള്ളതു്? നീതിമാൻ ദിവസം ഏഴുപ്രാവശ്യം വീഴുമെന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്കു മാത്തച്ചൻ കളങ്കമറവനായി ജീവിച്ചുവെന്നു നിങ്ങൾക്കു പറവാൻ സാധിക്കുമൊ? പിലാത്തോസ്സിനും വെന്തീഞ്ഞയും ധരിച്ചു കൊന്തനമസ്സാരം ഏത്തിച്ചതുകൊണ്ടു പാപം എല്ലാം നീങ്ങിപ്പോകുമെന്നാണോ നിങ്ങളുടെ വിചാരം! വെന്തീഞ്ഞയും കൊന്തയും ധരിച്ചവരെയും നാംഇന്നു ക്രിമിനൽ പുള്ളികളായി കാണാറില്ലേ? എന്നാൽ കുമ്പസാരവും കുർബാനയും, പള്ളിയുംപട്ടക്കാരനും ഒന്നും ആവശ്യമില്ലയ്യോ! പിടിച്ചുപറിയും കൊലപാതകവും ചെയ്യുന്നവർക്കു മാത്രമാണൊ ശുദ്ധീകരസ്ഥലം? അപ്പോൾ നമ്മളെല്ലാം നേരേ മോക്ഷത്തിലേയ്ക്കു പോകുമല്ലോ? അശുദ്ധമായ യാതൊന്നും മോക്ഷത്തിൽ പ്രവേശിക്കയില്ലെന്നു നിങ്ങൾക്കറിഞ്ഞുകൂടെ! ശുദ്ധീകരസ്ഥലത്തിൽ കിടന്നു വേദനപ്പെടുന്ന ആത്മാക്കൾക്കു സ്വന്ത ഫലത്താൽ മോക്ഷത്തിൽ പ്രവേശിക്കുവാൻ പാടില്ലെന്നുള്ളതു നിങ്ങൾ മറന്നുപോയോ? അവരെ ജപതപാദ്ധ്യായകർമ്മംകൊണ്ടു സഹായിക്കേണ്ടതു അവരുടെ മക്കളും ബന്ധുമിത്രങ്ങളുമായ നമ്മുടെ മുമ്പിലയല്ലയോ? അല്പമായ അഹങ്കാരമെന്ന പാപത്തിനുപോലും അനേകകൊല്ലം ശുദ്ധീകരസ്ഥലത്തിൽ കിടന്നു വേകേണ്ടിവന്ന പുണ്യാത്മാക്കളുടെ ചരിത്രം നാം ഇന്നും വായിക്കുന്നില്ലേ? മരിച്ച ആത്മാക്കളുടെ നിത്യശാന്തിക്കായി യഹൂദന്മാർപോലും പ്രാർത്ഥനകഴിച്ചുവന്നതായി വേദപുസ്തകം സാക്ഷിക്കുന്നില്ലേ? മരിച്ചവർക്കുവേണ്ടി നടത്തുന്ന റാസയും ഒപ്പീസും മറ്റു ധർമ്മപ്രവൃത്തികളും അവർക്കു എത്രമാത്രം ഉപകരിക്കുമെന്നു ആരാൽ പറയട്ടെ! അതിനാലല്ലയോ നമ്മുടെ അമ്മയായ കത്തോലിക്കാസഭ നവംബർമാസം മുഴുവനും ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രതിഷ്ഠിച്ചിരിക്കുന്നതും മരിച്ച ആത്മാക്കൾക്കു ഏറ്റവും വലുതായ തിരുക്കർമ്മങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതും. കത്തോലിക്കാസഭ ഈശോമിശിഹായുടെ മണവാട്ടിയല്ലേ. അവർക്കു ഇക്കാര്യത്തിൽ തെറ്റുവരുവാൻ പാടുണ്ടോ? റാസയും ഒപ്പീസും പൊല്ലിക്കാൻ മാത്തച്ചൻ ഒരുകാശും നീ

ക്കിവച്ചിട്ടില്ലെന്നാണോ പറയുന്നതു്! കൊള്ളാം അതു മാത്രച്ചന്റെ പിടിപ്പുകേടായിപോയെന്നതു വാസ്തവംതന്നെ. എങ്കിലും മാത്രച്ചൻ വിയർത്തൊഴുകി, കഷ്ടപ്പെട്ടു പിടിച്ചുഴുതു, മമ്മട്ടി എടുത്തു വെട്ടി, കഠിനപ്രയത്നം ചെയ്തുണ്ടാക്കിയ ഈ നാല്പതിനായിരം രൂപായിലധികം വരുന്നസ്വത്തിൽനിന്നു നാല്പതുരൂപായെങ്കിലും മാത്രച്ചന്റെ ആത്മാവിനുവേണ്ടി ഉപയോഗിക്കുവാൻസാധിക്കയില്ലെന്നാണോനിങ്ങൾപറയുന്നതു! ഹാ, നിങ്ങൾ ഇത്രവലിയ നന്ദിഹീനന്മാരോ! അപ്പോൾ മാത്രച്ചൻസമ്പാദിച്ച സ്വത്തിനു അയാൾക്കു് ഒട്ടും അവകാശമില്ലെന്നാണോവിചാരിക്കുന്നതു്!അയ്യോ നിങ്ങൾ, 'അതുകൈയ്യുളുപ്പുതേക്കാത്ത,' പരമദുഷ്ടന്മാരെന്നുവേണം പറയുവാൻ.ഒരാത്മാവുശുദ്ധീകരസ്ഥലത്തിൽകിടന്നുവെന്തുനീറിയാലും നിങ്ങൾ അയാളുടെസമ്പാദ്യത്തിൽ ഒരുകാശുപോലും ചെലവു ചെയ്യയില്ലെന്നാണോ പറയുന്നതു്! കൊള്ളാം നിങ്ങൾക്കു മരണം വരുമ്പോൾ നിങ്ങളുടെ സന്തതികൾ ഇങ്ങനെ നിങ്ങളോടും ചെയ്താൽ മതിയോ! ആത്മാക്കളെ രക്ഷിക്കേണ്ടതു അവരവരുടെകാര്യമെന്നുനിങ്ങൾ പറയുന്നു. വാസ്തവംതന്നെ നരകശിക്ഷയിൽ നിന്നു തങ്ങളെത്തന്നെ രക്ഷിക്കേണ്ടതു അവരവരുടെ കടമതന്നെ. എങ്കിലും കാലത്തിനടുത്ത ശിക്ഷ നമ്മൾ ഈലോകത്തിൽ വച്ചു തീർത്തു എന്നു വരുന്നതു് അത്ര എളുപ്പമല്ല. ഈ കാലത്തിനടുത്ത ശിക്ഷ കുറയ്ക്കുവാനാണു് നാം ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതു്. ആണ്ടുകമ്പസാരംകൂടി കഴിക്കാതെ ജീവിക്കുന്ന നിങ്ങളിൽ ഒരുത്തൻ ഇപ്പോൾ മരിച്ചാൽ ഉത്തമമനസ്താപം ഉണ്ടായിരുന്നാലും മോക്ഷത്തിലേക്കു നേരെ പോകുമെന്നാണോ വിചാരിക്കുന്നതു്! അതു് അത്ര എളുപ്പമല്ല. അതിനാൽ നമ്മൾ കൂടിയ സഹായം നമ്മുടെ ബന്ധുമിത്രാദികൾക്കു ചെയ്യേണ്ടതു നമ്മുടെ കടമയാണു്. അതുകൊണ്ടു കഥയില്ലാതെ വിഡ്ഢിത്തംഎഴുന്നള്ളിക്കാതെ ദൈവത്തെവിചാരിച്ചും,ആത്മരക്ഷയെ കരുതിയും, നിങ്ങളുടെ കടമയെ ഓർത്തും, കാര്യങ്ങൾ നടത്തിയാലും. ദൈവം നിങ്ങളെ സഹായിക്കട്ടെ. വേറൊരു കാര്യം. അപ്പന്റെ കാലം ഇതാകഴിഞ്ഞിരിക്കുന്നു. ഇനിയും മക്കളായ നിങ്ങൾ അന്യോന്യസന്തോഷത്തോടും സ്നേഹത്തോടും ഐകമത്യത്തിൽ ജീവിച്ചാലും. 'ഐകമത്യം മഹാബലം' എന്നുള്ളതു മറന്നു കളയരുതു്. 'സഹോദരനാൽ സഹായിക്കപ്പെട്ടനഗരം ശക്തിയുള്ള ഒരു കോട്ടപോലെ'യാണെന്നു മനസ്സിലാക്കി എപ്പോഴും ഏകയോഗമായി ജീവിക്കുവാൻ ശ്രമിക്കുക. ഇതുവരെയുണ്ടായ വാക്കുവഴക്കും, കുടുംബവഴക്കും, അടിപിടിയും എല്ലാം ഇനി നിറുത്തി ഒരു പുതിയജീവിതം ആരംഭിക്കുക. പട്ടിയുംപൂച്ചയുംപോലെ കടിപിടി കൂടുന്നതും, തമ്മിത്തല്ലി തലകീറുന്നതും കത്തോലിക്കരായ ന

മ്മൾക്കു യോജിച്ചതല്ല. ഈശോമിശിഹാ നമ്മൾക്കുവേണ്ടി കുരിശിൽ തൂങ്ങിമരിക്കാൻ പോകുന്നതിനു മുൻപു അന്ത്യശാസനമായി തന്റെ ശിഷ്യരോടു കല്പിച്ചതു എന്താണെന്നു ഓർക്കുക: "ഞാൻ നിങ്ങൾക്കു ഒരു പുതിയ കല്പന നൽകുന്നു; നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു ഇതിനാൽ ലോകം മനസ്സിലാക്കും." അതിനാൽ പ്രിയകുഞ്ഞുങ്ങളെ നാം നമ്മുടെ തന്നെ നന്മയ്ക്കും മറ്റുള്ളവരുടെ സന്മാതൃകയ്ക്കും സഹോദര സ്നേഹത്തിൽ ജീവിക്കണം. നേരെമറിച്ചു നിങ്ങൾ ഒരുമയില്ലാതെ ജീവിക്കുന്നുവെങ്കിൽ നിങ്ങൾക്കു തന്നെ ആദ്യം നാശം, പിന്നെ മറ്റുള്ളവർക്കു ഉതപ്പു, കത്തോലിക്കാസഭയ്ക്കു തന്നെ അവമാനം. നിങ്ങൾ കത്തോലിക്കർ എന്നുപേരിനുപോലും അർഹരാകയില്ല. കത്തോലിക്കാമതം സ്നേഹത്തിന്റെ മതമാകുന്നു. നിങ്ങളുടെ ഈ ദുർനടത്തമൂലം അക്രൈസ്തവരായുള്ളവർ പോലും സത്യം അറിഞ്ഞു നമ്മുടെ സഭയിൽ ചേരാൻ മടിക്കും. 'കത്തോലിക്കരായ ഇവരുടെ ജീവിതം ഇങ്ങനെയാണെങ്കിൽ നാം അതിൽ ചേർന്നു എന്തിനാ നമ്മളെത്തന്നെ ചീത്തയാക്കുന്നതു?"! എന്നു കാവ്യർ പറഞ്ഞുതുടങ്ങും. അങ്ങനെ നിങ്ങൾ അറിയാതെ തന്നെ അനേക ആത്മാക്കൾക്കും നാശകാരണരാകും. ഉതപ്പു: ലോകത്തിൽ വരേണ്ടതു തന്നെ. എന്നാൽ ആരിൽ നിന്നു ഉതപ്പു വരുന്നോ അവനു ദുരിതം; അവന്റെ കഴുത്തിൽ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തുന്നതു തന്നെ നല്ലതു, എന്നു ദിവ്യരക്ഷകൻ ദുർനടത്തരെപ്പറ്റി ഏറ്റവും കർശനമായി അരുളിച്ചെയ്തതു് ഓർത്തെങ്കിലും 'വഴക്കും വയ്യാവേലിയും. നിവൃത്തി ഒരപ്പന്റെ മക്കളെപ്പോലെ വർത്തിക്കുക. കള്ളഷാപ്പിലും ഇനിയും നിങ്ങൾ ഒരിക്കലും കയറിപ്പോകരുതു്. എത്രയെത്ര കുടുംബങ്ങൾക്കാണു് കള്ളുകുടി മൂലം പരമനാശം വന്നിരിക്കുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടെ! അതുകൊണ്ടു മിശിഹായിൽ പ്രിയപ്പെട്ട എന്റെ വാത്സല്യകുഞ്ഞുങ്ങളെ, പഴയജീവിതം മുഴുവനായി മാറ്റി ഒരു പുതിയ ജീവിതം തുടങ്ങി ദൈവസ്നേഹത്തെയും ആത്മരക്ഷയേയും പ്രതി നല്ല കത്തോലിക്കരായി ജീവിക്കുക. അതിന്റെ ആരംഭം നാളത്തെ കുമ്പസാരവും കുർബാനയും ആയിരിക്കട്ടെ. അപ്പോൾ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ കുടുംബത്തിന്മേലും നിങ്ങളുടെ സകല പ്രവൃത്തികളിന്മേലും ഉണ്ടാകും. ഈശോമിശിഹാ നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ. എനിക്കു പോകാറായി. വേറൊരു ഒപ്രസ്സുമായ്ക്കു് ഇതാ കവ്യാരു വിളിക്കാൻ വന്നിരിക്കുന്നു".

* * * * * * *

മാഞ്ഞച്ചന്റെ ശവം അടക്കം പുലയടിയന്തരവും മറ്റും ഒരുവിധത്തിൽ വികാരി അച്ചന്റെ നിർബന്ധം കൊണ്ടു മക്കളും അഞ്ചുപേരും ചേർന്നു കഴിച്ചുകൂട്ടിയെങ്കിലും മരണപത്രികപ്രകാരം തിട്ടപ്പെടുത്തി. മൂത്തമകൻ പാലൂരു തറവാട്ടും അതിനോടുചേർന്നു നാലേക്കർ പുരയിടവും, അഞ്ചു പറനിലവും അവകാശമായി കിട്ടിയപ്പോൾ, ചീക്കുന്നു തറവാട്ടുപുരയിടത്തിന്റെ ഒരു ഭാഗമായ അഞ്ചേക്കർ സ്ഥലവും, അതിനു തൊഴുള്ള നാലുപറനിലവും വീതമായിലഭിച്ചു. ഈ കടിഞ്ഞൂൽ പുത്രനും രണ്ടാമത്തെ അവകാശിയും തമ്മിൽ പണ്ടുപണ്ടേ നല്ല ചേർച്ചയില്ലാതാണിരിക്കുന്നതു്. അപ്പൻ ശേഷിമാനായി ജീവിച്ചിരിക്കുമ്പോൾതന്നെ ഇവർ കള്ളുകുടിച്ചു വലുതായ വഴക്കുണ്ടാക്കുകയും രണ്ടാമത്തെ ചീക്കു ജ്യേഷ്ഠൻ പാലൂനെ മറിച്ചിട്ടു പുറത്തുകയറിയിരുന്ന നല്ല 'മെതി' കൊടുക്കുകയും പതിവായിരുന്നു. വീതം കിട്ടിയതോടെ ഈ ചില്ലറ വഴക്കുകൾ ഒന്നുകൂടി ശക്തിയായി വെളിയിൽ കണ്ടുതുടങ്ങി. 'ക്ടാവംകത്തിയാൽ കുലവാളും' എന്നുള്ളതു ഈ 'കൊമര'ന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ! പണത്തോടും വസ്തുവോടും ഇടപെട്ടതോടുകൂടി സഹോദരസ്നേഹവും, ഐകമത്യവും എല്ലാം പോയി പമ്പകടന്നു. വികാരി അച്ചന്റെ ഉപദേശം എല്ലാം വെള്ളത്തിൽ വരച്ചതുപോലെ. 'തന്റെ നിക്ഷേപം എവിടെയോ അവിടെ തന്റെ ഹൃദയവും" എന്നതു സത്യദൈവമായ കർത്താവിന്റെ വചനങ്ങളല്ലേ! അപ്പന്റെ ശവമടക്കിനു പള്ളിയിൽ പോയതിൽപിന്നെ ഈ 'പണമോഹികൾ' പള്ളിയിൽ എത്തിനോക്കിട്ടുപോലുമില്ല. പിന്നെ കുമ്പസാരത്തിന്റേയും കുർബാനയുടേയും കാര്യം പറയാനുണ്ടോ? എങ്ങനെ അന്യന്റെ വായിൽ മണ്ണിടിച്ചു നാലുകാശു ഉണ്ടാക്കേണ്ടതു് എന്നാണു് ഇവരുടെ നോട്ടം. അതിനുവേണ്ടിയ കൗശലവും പഠിച്ചുവച്ചിട്ടുണ്ടു്.

തൽക്കാരനായ ചീക്കു തന്റെ പറമ്പിനും നിലത്തിനും അതിരു പിടിക്കുവാനാണു് ആദ്യമേ ഒരുമ്പെട്ടതു്. ഇതിനു മൂപ്പീന്നിനെ സഹായിക്കുവാൻ 'എലന്തക്കിനായരുടെ കിറിനക്കിനായരു്' എന്നഭിമാനപ്പേരുള്ള മുറിമൂക്കൻ നായരും അടുത്തു. തമ്മിൽ ഇടിക്കുന്ന മൂട്ടാളികളുടെ തലയിൽ നിന്നും ഒലിക്കുന്ന രക്തം കുടിച്ചു പള്ളനിറയ്ക്കുവാൻ അതിയായി ആഗ്രഹിക്കുന്ന ഈ മഹാകുറുക്കൻ ജ്യേഷ്ഠനെയും അനുജനേയും തമ്മിൽ തല്ലിക്കുവാൻ കൈകണ്ട മരുന്നു പ്രയോഗിച്ചു. മരണപത്രികപ്രകാരം ചീക്കുനു കിട്ടിയ പറമ്പും നിലവും വാസ്തവത്തിൽ കുറവാണെന്നും, അതുകൊണ്ടു പുതിയ അതിരുവെട്ടുമ്പോൾ അല്പമൊന്നു പാപ്പച്ചന്റെ നിലത്തോടും പറമ്പോടും കേറിവെട്ടാമെന്നും, ഈ 'കായകുളംവാൾ' ചീക്കു

നെ ഉപദേശിച്ചു. ഇങ്ങനെയുള്ള മഹാവഞ്ചകന്മാരാൽ എത്രയെത്ര കുടുംബങ്ങളാണ് ചിരട്ടയെടുക്കുന്നതു". എന്തിനേറെ! ചീക്കു അന്നുതന്നെ രാത്രി ചില കുടിയന്മാരെയുംമറ്റും വരുത്തിനല്ല വാവുപിടിപ്പിച്ചു രാത്രിയിൽ തന്നെ അതിരുവെട്ടുവാൻ തുടങ്ങി. അതിരുവെട്ടും, കയ്യാലകെട്ടും, തകൃതിയായി നടക്കുമ്പോൾ വീട്ടിലെ 'കരുമാൻ' കലശലായി കുരയും കൂടി. മൂങ്ങായുടെ മൂളൽ നത്തിന്റെ കരച്ചിലും പറവാനില്ല. ഇതെല്ലാംകേട്ട തറവാട്ടിലെ ചിന്നമ്മ വിളക്കു കത്തിച്ചു പുറത്തിറങ്ങിനോക്കിയപ്പോൾ കണ്ടകോലാഹലം പാലൂനെയും പിള്ളേരേയും പുറത്തുവരുത്തി. "അത്രയ്ക്കായോടാ നിന്റെ മുഷ്ക്ക് തെ.....മോനേ", എന്നലറിക്കൊണ്ട് പാലൂ വടിയും പിശ്ശാത്തിയുമായി ഓടിഎത്തി. 'എടാ 'കോവർ കഴുതേ; നിന്നെ ഞാൻ രണ്ടുകണ്ടമാക്കിയേക്കുന്നോണ്ടെടാ, എന്നു പറഞ്ഞു ചീക്കു പാഞ്ഞടുത്തു. രണ്ടുപേരും പൂവൻകോഴികളെപ്പോലെ പൊരുതു. പാലൂന്റെ തലമണ്ടയിൽനിന്നും ചീക്കുന്റെ കയ്യിൽ നിന്നും ഒഴുകുന്ന രക്തംകൊണ്ട് നിലം നനഞ്ഞു. പിടിച്ചു ചീക്കു പാലൂന്റെ കഴുത്തിനു്. പാലൂ അമത്തി കൈയ്യ് ചീക്കുന്റെ വേറൊരു മമ്മത്തു്. ഒരു മിന്നിട്ടുകൂടികഴിഞ്ഞാൽ ഒരുകൊട്ട മണ്ണിനായി രണ്ടുപേരുടെയും കഥകഴിയും. ഇതിനിടയിൽ പിള്ളേരുടെ നിലവിളിയും, പെണ്ണുങ്ങളുടെ ഏങ്ങലടിച്ചുള്ള മാറത്തടിയും പുലമ്പലും, കള്ളുകുടിയന്മാരുടെ അട്ടഹാസവും, തോമ്മാച്ചനെയും വക്കിച്ചനെയും കുഞ്ചുച്ചനെയുംപാപ്പച്ചനെയും സ്ഥലത്തെത്തിച്ചു. അവർ വളരെ പണിപ്പെട്ട രണ്ടുപേരേയും ഒരുപ്രകാരം വിടുവിച്ചു. പാലൂനെ കൊമ്പുകുത്തിക്കുവാൻ ചീക്കുവും, 'ചീക്കുനെ 'ധനാശി പാടിക്കുവാൻ' പാലൂവും ശപഥംതന്നെ ചെയ്തുകഴിഞ്ഞു. ഈ ആദ്യത്തെ കേസുകളിക്കു ഇരുകൂട്ടർക്കും ആയിരം രൂപാവീതം ചെലവുമായി. കേസുവ്യർത്ഥം തള്ളിയും പോയി. കള്ളസാക്ഷികൾക്കും കള്ളഷാപ്പിനും, മുറിമൂക്കൻനായക്കും, ഊട്ടിലൂണിപ്പട്ടിക്കും, കൊടുത്ത ഈ രണ്ടായിരം രൂപായിൽ ഒരിരുപതുരൂപായെങ്കിലും മാത്തച്ചന്റെ ആത്മാവിനുവേണ്ടി കുർബാന ചൊല്ലിക്കുവാനോ ധർമ്മം കൊടുക്കുവാനോ കൊടുത്തിരുന്നുവെങ്കിൽ പാവം ശുദ്ധീകരസ്ഥലത്തിലെ തീയിൽ നിന്നും രക്ഷപെട്ട മോക്ഷകരചേന്നേനേ! അച്ചൻ പറഞ്ഞവാക്കുകൾ അല്പം പോലുംവകവയ്ക്കാതെ അത്മാവും നശിപ്പിക്കുന്നതല്ലേ ഇവന്മാർക്കു നല്ലതു"! 'അടിച്ച വഴിയെ പോയില്ലെങ്കിൽ പോയവഴിയെ അടിച്ചുകുക' എന്നല്ലാതെ ഈ വട്ടവിധികളെക്കുറിച്ചു് എന്തുപറയട്ടെ.

ആദ്യത്തെ വഴക്കു അല്പമൊന്നു ശമിച്ചുതോട്ടുകൂടി എല്ലാം സമാധാനത്തിലാക്കാമെന്നു വിചാരിച്ചു് ഇടവകയിലെ വികാരിഅച്ചനും യോഗക്കാരും പഠിച്ചുപണി പതിനെട്ടും നോക്കി. അതിന്റെഫലം "കുടം കമത്തിവച്ചു വെള്ളം ഒഴിച്ചുതുപോലെ" ആയിരുന്നു.

രണ്ടാമത്തെ വഴക്കിനു ആദ്യകാരണം പാലൂന്റെ പൂവൻകോഴി ചീക്കുന്റെ പിടക്കോഴിയുമായി സംബന്ധംപിടിച്ചു ചീക്കുന്റെ കുപ്പ പിഞ്ഞുകൊണ്ടു നില്ക്കുമ്പോൾ ചീക്കു ലാക്കിൽ പിടിച്ചു ചട്ടിയിലാക്കി വയറ്റിൽ ചെലുത്തിയതായിരുന്നു. കോഴിപ്പൂടയുംമറ്റും കുപ്പയിൽ കിടക്കുന്നു

തുകണ്ടു പാലൂ കാര്യം മനസ്സിലാക്കി. പിറേദിവസം ചീക്കുന്റെ പൂവൻ താറാവു് പാലൂന്റെ കണ്ടത്തിൽ ഉണ്ടയിട്ടുകൊണ്ടിരിക്കുമ്പോൾ, പിടിച്ചു ചീനച്ചട്ടിയിൽവച്ചു പൊരിച്ചു സുഖാറിനു കള്ളുകൂടിച്ചു. ഈ അന്യോന്യ മോഷണം ഇരുകൂട്ടരേയും കോപംകൊണ്ടു തുള്ളിച്ചു. അതേദിവസം, പാലൂന്റെ പറമ്പിന്റെ അതൃത്തിയിൽനിന്നു വരിക്കപ്പിലാവിലെ ചക്കപറിക്കാൻ ചീക്കു ആരുംകാണാതെ സൂര്യൻ അസ്തമിച്ചതോടുകൂടി പിലാവിൽ കയറി. ഇതേസമയം ചീക്കുന്റെ പാക്കുതെങ്ങിലെ തേങ്ങാക്കുല ചെത്തുവാൻ പിശ്ശാത്തിയുമായി പതുങ്ങിപതുങ്ങി ചെല്ലുന്നു പാലൂ പിലാവിന്റെ കൊമ്പുകുലുങ്ങുന്നതുകണ്ടു തലപൊക്കിനോക്കി നിലാവെളിച്ചത്തിൽ ചീക്കുന്റെ 'തലവട്ടം' മനസ്സിലാക്കി കരിയിലപോലും അനങ്ങാതെ ഓടിവന്നു പിലാവിന്റെ അടിയിൽ ഇരിപ്പായി. ചീക്കു ചക്കയൊന്നു പറിച്ചു കയ്യിൽ പിടിച്ചുകൊണ്ടു ഇറങ്ങിവരുമ്പോൾ ഇതാ നില്ക്കുന്നു പാലൂ പിശ്ശാത്തിയും ഊരിപ്പിടിച്ച മുവട്ടിൽ! എന്താ പറയിയില്ലേ! ഇത്തവണ വേറേ ആരും ഇല്ല. രണ്ടുപേരും മാത്രം. ചീക്കു ചക്കയെടുത്തു പാലൂന്റെ തലയിൽ എറിഞ്ഞു. പിന്നത്തെ കഥ പറയാനില്ല. രണ്ടുപേരും തമ്മിലിടഞ്ഞു കുത്തും വെട്ടും അടിയും പിടിയുമായി. ചീക്കുവിനെ പാലൂ മറിച്ചിട്ടു കുത്തി കുലച്ചുപ്പിട്ടിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. പോലീസുകാർ വന്ന സ്ഥലം പരിശോധിച്ചു, മഹസ്സർ എഴുതി, മരിച്ച ചീക്കുവിന്റെ "പോസ്റ്റ്മോർട്ടം" (മരണശേഷപരീക്ഷ) നടത്തുവാൻ പ്രേതത്തെ സ്റ്റേഷനിലേക്കും, പാലൂനെ ആസ്പത്രിയിലേക്കും കൊണ്ടുപോയി. വക്കീലുവാദിയായി കേസും തുടങ്ങി. എന്തിനധികം! ഇരുപാട്ടുകാരുടെയും പറമ്പും നിലവും എല്ലാം തീറുകുത്തി. പെണ്ണുങ്ങളും പിള്ളേരുംപിച്ചയെടക്കേടിയും വന്നു. ഇതിനിടയിൽ ധമ്മചികിത്സകൊണ്ടു പാലൂന്റെ ജീവനു രക്ഷയുണ്ടായെങ്കിലും തലപൊട്ടി തലച്ചോറിലുണ്ടായ പരുക്കുകൊണ്ടോ, പണം എല്ലാം നശിച്ചതിലുള്ള അതിവ്യസനംകൊണ്ടോ, പാലൂന്റെ തലയ്ക്കു മൂർച്ചപിടിച്ചു പിച്ചും പേയും പറയുവാൻ തുടങ്ങി. അവസാനം പാലൂ പരമഭ്രാന്തനായിത്തീർന്നു. ഭ്രാന്തുപിടിച്ചു പാലൂ പറയുന്നതെല്ലാംഅപ്പച്ചനെ കണ്ണുനീർ കുടിപ്പിച്ചതും, അപ്പച്ചന്റെ പിരാക്കേറ്റതും, ദൈവകോപമുണ്ടായതും, ചീക്കുന്റെ കയ്യിൽ കുത്തിയതും, താറാവിനെ പൊരിച്ചുതിന്നതും, ചീക്കുനെ വയറ്റിൽ കുത്തി മറിച്ചിട്ടതും മറവുമാണു്. ഇതിനിടയിൽ കേസു് തെളിവില്ലാതെ തള്ളിപ്പോയെങ്കിലും, പാലൂ ഭ്രാന്താശുപത്രിയിൽ ജീവിതശേഷം മുഴുവൻ കഴിക്കയാണു് ചെയ്തതു്.

"കനകംമൂലം കാമിനിമൂലം
കലഹം ബഹുവിധമുലകിൽ സുലഭം.

(300-ാം പേജിന്റെ തുടർച്ച)

ന്നിടത്തും അസ്ഥിക്കഴി ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായിട്ടാണു തീന്നിരിക്കുന്നതു; കാരണം സ്ഥലച്ചുരുക്കംതന്നെ.

മുതിർന്നവരുടെ ശവക്കല്ലറ തുറക്കുന്നതിനു ഇരുപത്തിര

ഞ്ചും കുട്ടികളുടേതിനു ഇരുപതും വത്സരങ്ങൾ കഴിയണമെന്നാണല്ലൊ ഉപരി പ്രസ്താവിച്ചതു്. എന്നാൽ ഇവിടത്തെ ശ്മശാനങ്ങളുടെ സ്ഥലദൌർല്ലഭ്യം നിമിത്തംകഷ്ടിച്ചു് ഒരു വത്സരം തികയുന്നതിനുമുമ്പു ചില സ്ഥലങ്ങളിൽ അവവീണ്ടും മാന്തപ്പെടുന്നു. അഹൊ! കഠോര! ഇതു മൃതരോടു ചെയ്യുന്ന ഒരു കടുംകൈയ്യല്ലാതെ മറെറന്താണു. മഴയുംവെയിലും അടിയ്ക്കാത്തിടത്തു ശവംവേഗം ദ്രവിക്കയില്ലെന്നുള്ളതും ചിലപ്പോൾഅവ ശുഷ്കിച്ചു അസ്ഥിപഞ്ജരമാകുന്നതിനും (Mumified) എളുപ്പമുണ്ടെന്നുള്ളതു ഇവിടെ സ്മർത്തവ്യമാണു്.

ശ്മശാനസ്ഥലം പള്ളിയിൽ നിന്നു രണ്ടോമൂന്നൊ മൈൽ അകലെ മാത്രമെ സൌകര്യപ്പെട്ട കിട്ടുകയുള്ളുവെങ്കിൽ അവിടെ സ്ഥാപിക്കയാണു വേണ്ടതെന്നു പറഞ്ഞാൽ ഒരു കേരളീയൻ 'നാസികമേലൊരു വിരലുവച്ചു' അത്ഭുതപ്പെട്ടേയ്ക്കാം. അപ്രകാരമൊരു തത്വോപദേശത്തിനു കാലമായിട്ടില്ലെന്നു സമ്മതിയ്ക്കുന്നു. ശവക്കോട്ട പള്ളിയ്ക്കടുത്തുതന്നെ ആയിരുന്നുകൊള്ളട്ടെ. എന്നാൽ അതിനു വേണ്ടുവോളം വിസ്തീർണ്ണത വേണമെന്നുള്ളതു വ്യക്തമാണു. ഒരുത്തർക്കും നിരോധിയ്ക്കാൻ പാടില്ല. ശവക്കോട്ടയിൽ ഓരോ കുടുംബക്കാർക്കു പ്രത്യേകം ബ്ലോക്കുകൾ തിരിച്ചു കൊടുക്കുകയും അവർ അവിടെ തന്നെ തങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന ഭക്തി വൈതനും ഒന്നുവേറെ തന്നെയാണു്. ശവക്കോട്ടയിൽ പൂച്ചെടികളും മറവും വച്ചുപിടിപ്പിക്കുന്നതു നന്നു. ഏവംവിധമുള്ള ശവക്കോട്ടകളാണു് ഇന്നു നമുക്കാവശ്യം. ആവശ്യമില്ലാത്തിടത്തു പൊലും പുതുതായി പള്ളികൾ സ്ഥാപിക്കുന്നതിനു ചിലസ്ഥലങ്ങളിലുള്ള ആഭ്രമം, ഉള്ളപള്ളികൾക്കു ശരിയായ ശ്മശാനസ്ഥലവും മറവും ക്രമപ്പെടുത്തുന്നതിനായിരുന്നെങ്കിൽ എത്രനന്നായിരുന്നു. ആവശ്യമുള്ള സാധനസാമഗ്രികളോടുകൂടിയ പള്ളികൾ മാത്രമെ ജനങ്ങളുടെ ഭക്തിയെ പരിപോഷിപ്പിക്കയും ഉത്തേജിപ്പിക്കയുംചെയ്യുകയുള്ളൂ.

ശവക്കോട്ടസ്ഥാപനത്തിനു ഇവിടെയുള്ള ഒരു പ്രതിബന്ധം സമീപസ്ഥരായ ആളുകളുടെ എതിർപ്പാണെന്നു തോന്നുന്നു. എന്നാൽ ഇതു അജ്ഞതകൊണ്ടുമാത്രം വരുന്നതാണു്. പത്തുവാര അകലെ കുടിപാർക്കുന്നതിൽ അസാംഗത്യമില്ലെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ശവകുടീരത്തിൽനിന്നു് ഒരിക്കലും രോഗം വ്യാ

പിക്കുന്നതല്ല. സാൻഫോർഡ് പറയുന്നു:-"ഭ്രമിഭാനം ചെയ്യപ്പെട്ട പ്രേതങ്ങൾ ഒരിക്കലും രോഗോല്പാദകങ്ങളല്ല. മൃതശരീരം പീയുന്നോം പണ്ടുള്ളവർ ധരിച്ചിരുന്നതുപോലെ വിഷവായുവും മറും ഉണ്ടാകുന്നില്ല. ദുർഗന്ധം വമിക്കുന്ന അമ്ലങ്ങൾ (വായുക്കൾ) പുറപ്പെടുന്നുണ്ടെങ്കിലും എളുപ്പത്തിൽ മണ്ണ് അവയെ വലിച്ചെടുത്തുകളയും. മണ്ണിൽ നിന്നു രോഗാണുക്കൾ ഒരിക്കലും അന്തരീക്ഷത്തിൽ വ്യാപിക്കുന്നില്ല. മാത്രമല്ല, ശരീരം ചീയുന്നതോടെ ചീച്ചിലിനു കാരണമായ പ്രത്യേക അണുക്കൾ (Bacteria of decomposition) രോഗാണുക്കളേയും നശിപ്പിച്ചുകളയുന്നു. സിമിറ്ററിയുടെ അടുത്തു വസിക്കുന്നവർക്കു രോഗം അധികം പിടിപെടുന്നതായി ഒരിയ്ക്കലും അറിയപ്പെട്ടിട്ടുമില്ല. (op. cit. p. 81) ആകയാൽ ശരിയായ ശവക്കോട്ടകൾ സ്ഥാപിക്കുന്നതിനു പൊതുജനങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ജപ്പാപ്പസ്തോലസഖ്യം.

I. ഏപ്രിൽമാസത്തിലെ പൊതുനിയോഗം.

വിശുദ്ധവത്സരാഘോഷം സർവ്വത്ര ഫലപ്രദമാവുന്നതിനു്.

സകർത്തവ്യം ആചരിക്കാതെ ആദർശത്തിൽനിന്നു് വ്യതിചലിക്കുന്നതാണു് മനുഷ്യരുടെ ദുരിതങ്ങൾക്കു് ഒരു കാരണം. നമ്മുടെ പ്രതിദിനജീവിതം ശരിയായി പരിശോധിച്ചാൽ ഈ വാസ്തവം വെളിപ്പെടുന്നതാണു്. വാദപ്രതിവാദങ്ങളിൽ ഏർപ്പെടുവാൻ സംഗതിയായിട്ടുള്ളവർക്കു് ഇതു് നന്നായി മനസ്സിലായിട്ടുണ്ടായിരിക്കുമെന്നാണു് എന്റെ ബോധ്യം. വാദം ദിർഘിക്കുന്തോറും, തങ്ങളുടെ വാദമുഖം എന്തെന്നും എവിടെയാണു് ആരംഭിച്ചതെന്നും നിശ്ചയമില്ലാത്തവരാണു് പലരും.

ഇതുപോലെതന്നെ, മനുഷ്യജീവിതം എന്തിനു് എന്നു് അറിയുവാൻ പാടില്ലാത്തവരെക്കൊണ്ടു്—അഥവാ അറിയാമെങ്കിലും പ്രവൃത്തിയിൽ വരുത്താത്തവരെക്കൊണ്ടു്—ആധുനികലോകം നിറഞ്ഞിരിക്കുന്നു. ഈ പരിതാപകരമായ അവസ്ഥയിൽനിന്നു് മനുഷ്യഗണം രക്ഷപ്പെടേണമെങ്കിൽ എല്ലാവരും അവരുടെ ജീവിതോദ്ദേശം ഗ്രഹിച്ചു് തത്സാധ്യാർത്ഥം ദിവ്യരക്ഷകനായ ദൈവപുത്രന്റെ പിന്നാലെ ഗാഗുൽത്താമല കയറേണ്ടിയിരിക്കുന്നു. എന്നാൽ ആപത്തു് വരുമ്പോൾ ബുദ്ധി ഇരുണ്ടുപോകയും തന്നിമിത്തം മനുഷ്യർ ഈ കടമ ശരിയായി നിറവേറാതിരിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ദുരവസ്ഥയിൽനിന്നു് രക്ഷിച്ചു് മനുഷ്യനെ പ്രകാശിപ്പിക്കുന്നതിനും മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിന്റെ മാഹാത്മ്യം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നതിനുമായിട്ടാണല്ലോ പരിശുദ്ധപിതാവു് ഈ

വിശുദ്ധവത്സരം പ്രഖ്യാപനം ചെയ്തിരിക്കുന്നതു്. ൧൯൫൰ ജനുവരി ൧൭-ാംനു- ഈ വിശുദ്ധവത്സരം പ്രഖ്യാപനം ചെയ്തപ്പോൾ, ഇതിൽനിന്നു് വിശ്വാസികൾ പ്രാപിക്കേണ്ട ഫലത്തെക്കുറിച്ചു് മാപ്പാപ്പാ ഇപ്രകാരം ഉപന്യസിക്കുകയുണ്ടായി. "ഈ വിശുദ്ധവത്സരം ആത്മാക്കൾക്കു് സമാധാനവു് തിരുസ്സഭയ്ക്കു നേരായ സ്വാതന്ത്ര്യവും എല്ലാ ജനങ്ങൾക്കും അഭിവൃദ്ധിയും പ്രദാനം ചെയ്യട്ടെ".

ഇതുകൂടാതെ, കഴിഞ്ഞ മാർച്ചു് ൧൭-ാംനു-ലേ കർദ്ദിനാൾസംഘത്തോടു് പരി. പിതാവു് പറഞ്ഞതായതു്:- "ദൈവപ്രസാദത്തിന്റെ ആനുകൂല്യത്താൽ മനുഷ്യർ സ്വപാപങ്ങൾ പരിഹരിച്ചു് പുണ്യാഭിവൃദ്ധിയിൽ പൂർവ്വാധികം താല്പര്യം പ്രകടിപ്പിക്കുവാനും ക്രിസ്തീയജീവിതം നയിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുവാനും ഈ ജൂബിലിവത്സരം സംഗതിയാക്കട്ടെ." ക്രിസ്തീയജീവിതനവീകരണത്തിനതുകൂന്ന രീതി ഈ വാക്യത്തിൽ സമഞ്ജസമായി പ്രതിപാദിച്ചിട്ടുണ്ടു്.

ഒന്നാമതായി വേണ്ടതു് പാപത്തെപ്പററിയുള്ള മനസ്താപവും തൽപരിഹാരവും രണ്ടാമതായി ക്രിസ്തുവിന്റെ തത്വാനുരൂപമായ ജീവിതവും. പാപത്തെപ്പററി രണ്ടുതരത്തിൽ മനസ്താപപ്പെടാം ക) സ്വാഭാവികമായി ഖ) അതിസ്വാഭാവികമായി. പാപംമൂലം നമുക്കു് ഉളവാകുന്ന ലൗകികനഷ്ടത്തെ ഓർത്തു് ദുഃഖിക്കുന്നതാണു് സ്വാഭാവികമനസ്താപം. സ്വർഗ്ഗനഷ്ടം, നരകപ്രാപ്തി മുതലായ ആപത്തുകളെ ഭയന്നുള്ള മനസ്താപമാണു് അതിസ്വാഭാവികമനസ്താപം. ഇതിൽ സ്വാഭാവികമനസ്താപം ക്രിസ്ത്യാനിക്കു് അനുയോജ്യമായ ഒന്നല്ലെന്നു് വെളിവാണല്ലോ.

രണ്ടാമതായി വേണ്ടതു് നമ്മുടെ ജീവിതത്തെ ക്രിസ്തുവിനോടു് അനുരൂപപ്പെടുത്തുക. അധഃപതിച്ച മനുഷ്യഗണത്തിന്റെ ഏകസത്യവെളിച്ചം മ്ശിഹായുടെ ജീവിതമാകുന്നു. സസ്യലോകത്തിനോ ഭൂമിയും പരിപോഷണത്തിനു് സൂര്യൻ എത്ര അത്യന്താപേക്ഷിതമോ അത്രപോലെ ആണു് മനുഷ്യലോകത്തിനു് മ്ശിഹായും. മ്ശിഹായുടെ വെളിച്ചം തട്ടാത്തപ്രദേശങ്ങൾ ഇന്നും അപരിഷ്കൃതങ്ങളായിത്തന്നെ സ്ഥിതിചെയ്യുന്നു. ഈ ജൂബിലിയുടെ രക്ഷണീയഫലങ്ങളെക്കുറിച്ചു് പരി. പിതാവു് തുടർന്നു വിവരിക്കുന്നതാവിതു്. "ഈ അസാധാരണവത്സരം ക്രിസ്ത്യാനികളെ മാത്രമല്ല ലോകം മുഴുവനേയും സ്വർഗ്ഗീയകാര്യങ്ങളിലേയ്ക്കും ആത്മാക്കളുടെ നവീകരണത്തിലേയ്ക്കും പ്രേരിപ്പിക്കട്ടെ. കഷ്ടാരിഷ്ടതകളിൽ നിന്നു്, സാധിക്കുമെങ്കിൽ നമ്മെ എന്നേക്കുമായി രക്ഷിക്കട്ടെ." ഈ രണ്ടുഫലത്തിൽ പലകാര്യങ്ങളെ ഉൾപ്പെട്ടുത്തുന്നുണ്ടു്. എ) സർവ്വലോകത്തിനേറയും സാമ്പത്തിക.നില സമീകൃതമാവുക ബി) നിരായുധീകരണവും സമാധാനവും സാധിക്ക. സി) യുദ്ധംമൂലം ഓരോരുത്തക്കും ഉള്ള കടബാദ്ധ്യത തീക്കുക".

ഈ ഫലങ്ങളാണു് വീണ്ടെടുപ്പിന്റെ പത്തൊൻപതാം ശതവത്സരം പൂർത്തിയാകുന്ന ഈ ആണ്ടിൽ സമസ്തലോകവും പ്രാപിക്കണമെന്നു് നമ്മുടെ ഏവരുടേയും വത്സലപിതാവു് ഹൃദയംഗമമായി ആഗ്രഹിക്കുന്നതു്. ഏതാദൃശപിതാവിന്റെ അഭിലാഷപൂർത്തിവരുത്തേണ്ടതു് പുത്രന്മാരുടെ കടമയാണു്. മാത്രമല്ല സന്താനങ്ങളുടെ അഭിവൃദ്ധിക്കു് ഒഴിച്ചുകൂടാത്ത ഒരു കാര്യവും ആണു്. ഏതൽകാര്യസാധ്യാർത്ഥം സങ്കീർത്തനക്കാരനോടുകൂടി "ദൈവമേ, അങ്ങു് ഞങ്ങളിൽ പ്രവർത്തിച്ചതിനെ സ്ഥിരീകരിക്കുക" (സങ്കീ. 67 29) എന്നു് പരമകാരുണികനായ ദൈവത്തോടു് യാചിക്കാം.

II സുകൃതഭണ്ഡാരം.

ചങ്ങനാശേരി, കുറവിലങ്ങാട്ട്, കാഞ്ഞിരപ്പള്ളി, അതിരമ്പുഴ, അരുവിത്തുറ, പായിപ്പാട്ട്, എളങ്ങോയി, പുന്തുരുത്തു്, തുടങ്ങനാട്ട്, നരിവേലി, ചെറുവള്ളി, മിത്രക്കരി, എന്നീസ്ഥലങ്ങളിലെ ജപമാലസ്സോലസഭാംഗങ്ങളും, 933 ഡിസംബർ, 934 ജാനുവരി, ഫെബ്രുവരി, മാസങ്ങളിലെ ഈശോയുടെ തിരുഹൃദയത്തിനു് സമർപ്പിച്ച സുകൃതഭണ്ഡാരം.

സുകൃതഭണ്ഡാരം		പ്രത്യേകനിയോഗങ്ങൾ	
1 ദൈവസ്നേഹപ്രകരണം	7618649	1 ഇടവകകൾ	1673
2 കൊന്തനമസ്കാരം	131998	2 മുഴുവൻ ധ്യാനം	1174
3 സ്ലീവാപ്പാഥ	8752	3 ദൈവവിളി	1689
4 ശു. കു. ഉൾക്കൊള്ളൽ	21029	4 പള്ളിക്കൂടങ്ങൾ	1765
5 അരുപിക്കടുത്ത ,,	74239	5 വിദ്യുത്തികൾ	2177
6 ആത്മശുദ്ധീകരണം	28252	6 പരിക്ഷാവിജയം	2330
7 വേലചെയ്തനാഴിക	150453	7 കുടുംബങ്ങൾ	2723
8 മൗനം അനുഷ്ഠിച്ചുമണിക്കൂർ	13309	8 മാതാപിതാക്കന്മാർ	2705
9 ജ്ഞാനവായന	47334	9 യുവജനങ്ങൾ	2758
10 കുർബാന ചൊല്ലിച്ചതു്	142	10 മക്കൾ	1558
11 കുർബാന കണ്ടതു്	13404	11 സഖ്യപ്രോത്സാഹികൾ	1108
12 ആശയടക്കങ്ങൾ	26863	12 പതിനഞ്ചടമാനസാന്തരം	2617
13 പ്രായശ്ചിത്തങ്ങൾ	22347	13 അജ്ഞാനികളുടെ ,,	3386
14 ആത്മിക മനോഗുണപ്രവൃത്തി	164052	14 ദുഷ്കർത്തോലിക്കരുടെ ,,	2213
15 ശാരീരികമനോഗുണപ്രവൃത്തി	32924	15 മദ്യപാനികളുടെ ,,	2394
16 വിവിധ ജപങ്ങൾ	1272984	16 ശത്രുക്കളുടെ ,,	2531
17 നല്ലറുണ്ണം കഴിച്ചുല്ലാസം	16255	17 മരിച്ച വിശ്വാസികൾ	21343
18 ദു:ഖാരിഷ്ടതകൾസഹിച്ചതു്	21373	18 ഭാഗ്യമരണം	2409
19 പ്രത്യേകദൈവിണവിജയം	16661	19 ഉദ്യോഗം	1017
20 വി. കു. വീസിത്ത	23318	20 പണസഹായം	1433
21 മറവപുണ്യപ്രവൃത്തികൾ	142935	21 പ്രത്യേകമനോഗുണങ്ങൾ	1297

ശുപതാധ്യയകർട്ടർ,
കത്തീഡ്റൽ പള്ളി, ചങ്ങനാശേരി.

III. മിഷൻ നിയോഗം.

പലസ്തീനായിലും സിറിയായിലും തിരുസഭയിൽ നിന്നു് വേർപെട്ടുപോയിരിക്കുന്നവർ പിന്തിരിയുവാനും ഏഷ്യാമൈനറിലുള്ള പുരാതന ക്രിസ്ത്യാനി സഭകൾ പുനഃസ്ഥാപിതമാകുന്നതിനും.

ഈ ജൂബിലിഘട്ടത്തിൽ സഭാസന്താനങ്ങൾ ഏവരും അനുഷ്ഠിക്കേണമെന്നു് പരിശുദ്ധ പിതാവു് ആഗ്രഹിക്കുന്ന വൈരാഗ്യകൃത്യം പലസ്തീനാ സന്ദർശനമാണല്ലോ. നമ്മുടെ ദിവ്യരക്ഷകന്റെ പാദസ്പർശനത്താൽ പരിപാവനമാക്കപ്പെട്ട ഈ നാടിനെ സന്ദർശിക്കുകയും അവിടെ സംഭവിച്ച ദൈവികരഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുകയും ചെയ്യുന്നതിനേക്കാൾ രക്ഷാകരമായ ഒരു പ്രവൃത്തി യാതൊരു ക്രിസ്ത്യാനിക്കും ചെയ്യുവാൻ ശക്യമല്ല. തന്നിമി

ത്തും കത്തോലിക്കരുടെ വിശേഷ ശ്രദ്ധ പലസ്തീനാ, സിറിയാ, ഏഷ്യാമൈനർ മുതലായ സ്ഥലത്തു് പതിഞ്ഞിരിക്കുന്നതു് ഒട്ടുംതന്നെ ആശ്ചര്യജനകമല്ല.

പലസ്തീനായിലെ 15,00,000 നിവാസികളിൽ മഹമ്മദീയർ 10,00,000 യഹൂദർ 1,20,000. കത്തോലിക്കർ 24,000 ഇതരക്രിസ്തീയ വകുപ്പുകൾ 3,35,000. സിറിയായിലേ 30,00,000 പൗരന്മാരിൽ കത്തോലിക്കർ 10,810 ഇതരവകുപ്പുകാർ 3,50,500. വിശ്രുതന്മാരായ പൗലാസിനേറയും യോഹന്നാനേറയും പ്രവർത്തനരംഗമായ ഏഷ്യാമൈനാറിലെ 135,00,000 ജനങ്ങളിൽ 35,00,000 ലക്ഷംമാത്രമാണ് കത്തോലിക്കർ. (1914-ലേ ജനസംഖ്യ) നാശോൻമുഖമായിരിക്കുന്ന ഈ സഭകൾക്കുവേണ്ടി നമുക്കു് സർവ്വസ്ഥനായ പിതാവിനോടു് അപേക്ഷിക്കാം.

പുസ്തകാഭിപ്രായം.

"സംഗീതകുസുമം."

പ്രസാധകൻ കെ. സെബാസ്റ്റ്യൻ തോട്ടാശേരി. ചങ്ങനാശേരി.

പ്രാർത്ഥനകൾ, കീർത്തനങ്ങൾ, ആശംസകൾ എന്നീ വിവിധരൂപങ്ങളിൽ പല ഗായകകവികളാൽ വിരചിതങ്ങളായ കൃതികളാണ് "സംഗീതകുസുമം" എന്ന ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. മൂന്നുഭാഗങ്ങളായിചേർത്തിട്ടുള്ള ഇതിലെ 120-ഓളംഗീതങ്ങളെല്ലാം സംഗീതത്തിൽ സാമാന്യ ജ്ഞാനമുള്ളവർക്കുപോലും അനായസേന പ്രയോഗിക്കാവുന്നവയാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അതുപോലുണ്ട് ഇതിലെ പദഘടനയുടെസുഗമതയും സംഗീതസുഖപ്രധാനമായ ലാളിത്യവും. ഈ ഗ്രന്ഥം സംഗീതകലയിലുള്ള കേരളീയക്രിസ്ത്യാനികളുടെ പരാംഗ്മുഖതയെഒരിക്കൽക്കൂടിധ്വംസനംചെയ്യുന്നു. ഭവനങ്ങളിൽ ക്രിസ്ത്യുകളിലും വിദ്യാലയങ്ങളിലുംമറ്റും സമയോചിതവും ഉപയോഗിക്കപ്പെടുവാൻ അർഹതയുള്ളതാണ് ഈ 'സംഗീതകുസുമ'മെന്നതിനു പക്ഷാന്തരമില്ല. നല്ലൊരു വ്യവസായിയും പരിശ്രമശീലനും സമുദായാഭിമാനിയുമായ മി. സെബാസ്റ്റ്യൻ തോട്ടാശേരിയുടെ ഈ പ്രസിദ്ധീകരണം സർവഥാ ആദരണീയമായിട്ടുണ്ടെന്നു പറയുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഇതിന്റെ വില എന്താണെന്നറിയുന്നില്ല.

ഉപകാരസ്മരണകൾ.

പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെയും വി. യൗസേപ്പുപിതാവു് വി. കൊച്ചുത്രേസ്യാ എന്നീ സിദ്ധരുടേയും മദ്ധ്യസ്ഥാപേക്ഷയാൽ ഒരു കേസ്സു ജയിച്ചുതിനുപകാരസ്മരണ. ഫ്രൂ. ചിറക്കടവു്

മൂണ്ടന്താനത്തുപള്ളിയിൽ വി. അന്തോനീസു പുണ്യവാന്റെ മദ്ധ്യസ്ഥാപേക്ഷയാൽ എന്റെ ഭാര്യയുടെ സുഖക്കേടു കുറഞ്ഞതിനുപകാരസ്മരണ. ഫ്രൂ. വേങ്ങച്ചേരിൽ ചാക്കോ, നെടുങ്കുന്നം.

കത്തോലിക്കായും.

1. ബ. വൈദികരുടെ സ്ഥലംമാറ്റം

1 പയ്യനാട്ട പെ. ബ. യൗസേപ്പച്ചൻ, കുറവിലങ്ങാട്ട പള്ളിവികാരി
2 കട്ടക്കയത്തിൽ പെ. ബ. ചാക്കോച്ചൻ, മ്പക്കുളം " "
3 തെക്കേക്കര പെ. ബ. മത്തായിഅച്ചൻ, കാഞ്ഞിരപ്പള്ളി " "

4	മൂട്ടത്തുപാടത്തു ബ. യൗസേപ്പച്ചൻ, എളങ്ങുളം	പള്ളിവികാരി
5	ആലപ്പാട്ടു ബ. പൗലോസച്ചൻ, കുണിഞ്ഞി	» »
6	മണ്ണഞ്ചേരിൽ ബ. തോമ്മാച്ചൻ, മുളക്കുളം	» »
7	ആറാഞ്ചേരിൽ ബ. യോഹന്നാനച്ചൻ, നരിയങ്ങാനം	» »
8	കുന്നപ്പള്ളിൽ ബ. യൗസേപ്പച്ചൻ, പൈക	» »
9	മണിയങ്ങാട്ടു ബ. മത്തായിഅച്ചൻ, എളങ്ങോയി	» »
10	ഏലംകുന്നത്തു ബ. ഗീവറുഗീസച്ചൻ, വായിപ്പുപഴയ	» »
11	ചോതിരക്കുന്നേൽ ബ. ഈനാസച്ചൻ ചമ്പക്കര	» »
12	ചങ്ങങ്കരി ബ. അബ്രാഹമച്ചൻ, മിത്രക്കരി	» »
13	വാഴയ്ക്കൽ ബ. യൗസേപ്പച്ചൻ, മേലുകാവു	» »
14	മാറാമറ്റത്തിൽ ബ. യാക്കോബച്ചൻ, മലയിഞ്ചിപ്പാറ	» »
15	ചാക്കുടവിൽ ബ. ഗീവറുഗീസച്ചൻ, കിളിരൂർ	» »
16	പയ്യാത്തുമറ്റത്തിൽ ബ. കുര്യാക്കോസച്ചൻ, പുന്നത്തുറ	» »
17	കോയിപ്പുറത്തു ബ. യൗസേപ്പച്ചൻ, തോട്ടയ്ക്കാട്ടു	» »
18	പുന്നാപ്പാടത്തു ബ. സക്കറിയാസച്ചൻ, മല്ലപ്പള്ളി	» »
19	പ്ലാക്കാട്ടു ബ. തോമ്മാച്ചൻ, എടമറുക	» »
20	പഴേമ്പള്ളിൽ ബ. യാക്കോബച്ചൻ, ഉരുത്തിപ്പിള്ളി	» »
21	പുറക്കരിയിൽ ബ. ഔവസ്യാച്ചൻ, പാളയം	» »
22	കുന്നേൽ ബ. തോമ്മാച്ചൻ,	ചാമക്കാലാ പള്ളി അസിസ്റ്റന്റി
23	വടാന ബ. മത്തായിഅച്ചൻ, മരങ്ങാട്ടുപിള്ളി	» »
24	ചന്ദ്രംകുന്നേൽ ബ.അബ്രാഹമച്ചൻ, വെട്ടിമുകൾ	» »

2. Casus Conscientiae. No. 5.

Alexander sacerdos, ob gravem negligentiam in curam animarum commisam ad suum ordinarium delatus, et inventus culpabilis condemnatus fuit, ut per octo dies in quodam monasterio perageret exercitia spiritualia, et ut eidem monasterio daret quinquaginta rupias per modum eleemosynae. Hoc posterius Alexander sacerdos omisit. Quoad prius vero, toto illo octiduo, ne unam quidem meditationem instituit, inquiens, quod oratio mentalis sit actus mere internus, qui praecipi non potest ab humano superiore. Hinc alias omnes neglexit spirituales exercitationes, contentus habitare tantum in monasterio per octo dies, quos, profanos libros et ephemerides legendo, consumpsit.

Quaer: *An peccaverit Alexander sacerdos?*

Rationes?

St.Joseph's Orphanage Weaving Institute, Changanacherry.

അനാഥശാല നെയ്ത്തുശാല, ചങ്ങനാശേരി.

ഇവിടെ പലതരത്തിലുള്ള തുണിത്തരങ്ങളും, തുവാലകളും, പുതപ്പുകളും, മേശവിരി, ബെഡ്ഷീറുകൾ, നാഫ്കിൻ, ടൗവൽ മുതലായവയും, കരയൻമുണ്ടുകളും, വേഷ്ടികളും, തുപ്പട്ടികളും, തോർത്തുകളും ആദിയായി നിത്യ ഉപയോഗത്തിനുള്ളവയും പള്ളികളിലുംമറ്റും ഉപയോഗിക്കാവുന്ന പരവതാനികളും, കവുക്കാളങ്ങളും, സന്ന്യാസസഭക്കാർക്കുള്ള ബ്രൗൺതുണികളും ആദിയായവയും എപ്പോഴും വിൽപ്പനയ്ക്കുള്ളതുകൂടാതെ ആവശ്യക്കാരുടെ ഇഷ്ടാനുസരണം ഏതു വലിപ്പത്തിലും ഡിസൈനിലും വേണ്ട ചരക്കുകൾ ആജ്ഞാനുസരണം അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നതാണ്.

വിലവിവരം

		വലിപ്പം.	രൂ.	ണ.	കാ.
കവുക്കാളം	ഒന്നാംതരം	34″ × 72″	3	7	2
ടി	രണ്ടാംതരം	ടി.	2	14	4
ടി	മൂന്നാംതരം	36″ × 72″	1	17	12
മേശവിരി	വലുത്	54″ × 90″	1	14	4
ടി	ചെറുത്	42″ × 80″	1	0	0
ബ്രൗൺ തുണി	വാരയ്ക്ക്	43″ × 36	0	19	8
പോക്കറ്റരുവാല	വലുത്	22″ × 22″	0	3	0
ടി	ചെറുത്	19″ × 19″	0	2	4
	ബാത്ത് ടൗവ്വൽ	32″ × 60″	0	17	12
ടി	രണ്ടാംതരം	29″ × 54″	0	11	0
ടി	മൂന്നാംതരം	ടി.	0	8	0

മുണ്ടുകളും, തോർത്തുകളും മുതലായവ മുക്കാൽ രൂപ മുതൽ അഞ്ചു ചക്രംവരെവിലയുള്ളവ ഇവിടെ വില്പനയ്ക്ക് എപ്പോഴുംതയാറുണ്ട്.

Reg. No. T. 21.

പഞ്ചാംഗം.

1934 ഏപ്രിൽ. 1109 മീനം, മേടം.

റൂഫാട്ക്കദേശായുടെ മാസം.

			ന. ക. ഉയിർപ്പ്	ക. ഹ. ക.	വെ
2	14	തി		1	വെ
3	21	ചൊ		2	വെ
4	22	ബു		3	വെ
5	23	വ്യാ		4	വെ
6	24	വെ	(ആദ്യവെള്ളി)	5	വെ
7	25	ശ		6	വെ
8	26	ഞാ ✠	ഉയി. 1-ാം ഞാ. (പുതുഞാ.)	ക. 2 ക.	വെ
9	27	തി	എ. ഭാ. ക. മറി. മംഗലവാർത്ത (മാർച്ച് 25)		വെ
10	28	ചൊ	ക. വേ. അഗ്നേസ്		ചൂ
11	29	ബു	പാ. മൌ. ലെയാൻ		വെ
12	30	വ്യാ	ക. വേ. അഗ്നേസ്		ചൂ
13	1	വെ	രാ. വേ. ഫെമ്മനഗിൽദോസ്		ചൂ
			മാർ യൗസേപ്പു പിതാവിന്റെ നൊവേന തുടങ്ങുന്നു.		
14	2	ശ	വേ. തിബൂർത്തിയാസും ക്രുട്ടരും		ചൂ
15	3	ഞാ ✠	ഉയിർപ്പു 2-ാം ഞാ.	ഹ. 3. മെ.	വെ
16	4	തി	അ. മൌ. അന്ത്രയോസ് കർ (ഫെ ര)		വെ
17	5	ചൊ	പാ. വേ. അനിസെത്തോസ്		ചൂ
18	6	ബു	എ. ഭാ. ക. മറി. പ്രത്യക്ഷം (ഫെ ക്ര)		വെ
19	7	വ്യാ	അ. വേ. ശെമ്മാൻ (ഫെ. ക്രൂ)		ചൂ
20	8	വെ	പാ. വേ. ല്യൂസിയോസ് (മാർച്ച് ര)		ചൂ
21	9	ശ	അ. മൌ. മല്പാൻ അൻസൽമോസ്		വെ
22	10	ഞാ ✠	ഉയിർപ്പു 3-ാം ഞാ.	ക. 4. ഹ.	വെ
			മാർ യൗസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥം.		
23	11	തി	വേ. ഗീവറ്ഗീസ്		ചൂ
24	12	ചൊ	വേ. ഫിദേലിസ്		ചൂ
25	13	ബു	ഏവൻ, മക്കോസ്		ചൂ
26	14	വ്യാ	പാ. വേ. ക്ലേത്തോസും മർസെലീനോസും		ചൂ
27	15	വെ	ഗൗറിയേൽ മാലാഖാ (മാർച്ച് ക്രൂ)		വെ
28	16	ശ	വേ. ബിത്താലിസ്		ചൂ
			മൌ. പൌലോസ് ലെ ലിവാ		വെ
29	17	ഞാ ✠	ഉയിർപ്പു 4-ാം ഞാ.	ഹ. 5. ക.	വെ
30	18	തി	ക. കന്യനാ ദെസിയെന്നാ		വെ

Printed and Published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.